കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം

Vol No.36 No.8 August 2026 Rs.5.00


ചെറുപുഷ്പ ദേവാലയം
കലൂർ, പൊറ്റക്കുഴി, വരാപ്പുഴ അതിരൂപത
നൂറിന്റെ നിറവിൽ
1926 - 2026
ശതാബ്ദി ആഘോഷ സമാപനം
2026 ഒക്ടോബർ 25
സമൂഹ ദിവ്യബലി വൈകിട്ട് 5.00 ന്
മുഖ്യകാർമ്മികൻ :
മോസ്റ്റ്. റവ.ഡോ.ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ്)
സാംസ്കാരിക സമ്മേളനം
അദ്ധ്യക്ഷൻ :
മോസ്റ്റ് റവ.ഡോ.ഫ്രാൻസിസ് കല്ലറക്കൽ
(ആർച്ച് ബിഷപ്പ് എമരിറ്റസ്)
ഉദ്ഘാടനം :
അഡ്വ. വി.ഡി.സതീശൻ
(ബഹു. കേരള മുഖ്യമന്ത്രി)
കലാപരിപാടികൾ
സ്നേഹവിരുന്ന്
ഫാ. പാട്രിക് ഇലവുങ്കൽ
(വികാരി)
ഫാ. അലൻ ആന്റണി പുതിയകുളങ്ങര
(സഹവികാരി)
ഫാ. ജോസഫ് അനു
അരശ്ശേരിൽ SCJ
കൊച്ചിൻ ചവിട്ടുനാടക കളരി
അവതരിപ്പിക്കുന്നു
പന്തിയോസ് പീലാത്തോസ്
ഏവർക്കും സ്വാഗതം

വത്തിക്കാൻ തരംഗം
VATHICAN THARANGAM
AUGUST - 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം - 8

# ഉള്ളടക്കം


- എഡിറ്റോറിയൽ ........................................04
- പ്രേഷിതദൗത്യത്തിന്റെ........................................07
- പൊതുനന്മയുടെ ........................................10
- കൃപയുടെ കീഴിൽ ........................................14
- തുടരണം നാം ........................................17
- ക്ഷമ ........................................24
- ദൈവീക വെളിപാടിലൂടെ........................................26
- വരാപ്പുഴ അതിരൂപതയ്ക്ക്........................................29
- വാർത്തയും ചിന്തയും........................................34


*മുഖ്യരക്ഷാധികാരി*

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# തിരുസഭാമാതാവ്
## കേൾക്കുന്നുണ്ട് യുവതയുടെ ശബ്ദം

**EDITORIAL**



രണ്ടാം വത്തിക്കാൻ കൗൺസിൽ ആത്മബോധത്തിന്റെയും നവീകരണത്തിന്റെയും 16 പ്രമാണ രേഖകൾ, മൂന്ന് വർഷമെടുത്ത് ലിഖിത രൂപത്തിലാക്കിയപ്പോൾ ആ വിശ്വാസ തീർത്ഥാടനത്തിന്റെ നവപാതകളിലേക്ക് എളുപ്പം ആകർഷിക്കപ്പെട്ടത് യുവജനങ്ങളാണ്. ഈ നാളുകളിലും ലിയോ പതിനാലാമൻ പാപ്പയ്ക്കു ചുറ്റും തടിച്ചു കൂടുന്ന യുവജനങ്ങൾ ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നത് ക്രിസ്തു വചനങ്ങളിൽ ഊന്നിയ സ്നേഹത്തിന്റെയും കരുണയുടെയും ദൈവികവഴികൾ യുവത വിസ്മരിച്ചിട്ടില്ലെന്നു കൂടിയാണ്. ലിയോ പതിനാലാമൻ പാപ്പയ്ക്ക് 70 വയസ്സ് കഴിഞ്ഞു. എന്നാൽ, ലോകത്തിൽ എവിടെയുമുള്ള യുവജനങ്ങൾ തങ്ങളുടെ ഡിജിറ്റൽ ഗാഡ്ജറ്റുകളിലൂടെ പാപ്പയുമായി ഹൃദയൈക്യം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് വത്തിക്കാൻ ആസ്ഥാനമായുള്ള മാധ്യമ പ്രവർത്തകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രാൻസിൽ നടക്കുന്ന പാപ്പയുമായുള്ള സംവാദ വേദിയിലേക്കുള്ള 80,000 പ്രവേശന ടിക്കറ്റുകൾ ഒരു മണിക്കൂറിനുള്ളിൽ വിറ്റഴിഞ്ഞത് യുവതയിൽ നിന്ന് കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷന് ലഭിക്കുന്ന സ്വീകാര്യതയുടെ സൂചനയാണ്. 2025 സെപ്തംബറിൽ കത്തോലിക്കാ സഭയുടെ ആദ്യമില്ലേനിയൻ വിശുദ്ധനായ കാർലോ അക്യൂട്ടസിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിനെത്തിയ ലക്ഷക്കണക്കിനു യുവജനങ്ങൾ ഡിജിറ്റൽ യുഗത്തിലേക്കുള്ള സഭയുടെ സജീവമായ ഇടപെടലുകളിൽ ആഹ്ളാദിക്കുന്നത് കണ്ടു. 2025 ഓഗസ്റ്റിൽ നടന്ന യുവജന ജൂബിലിയുടെ സമാപനച്ചടങ്ങുകളും ലോകത്തിന്റെ മുമ്പിൽ അനാവ

രണം ചെയ്തത് ക്രിസ്തുവിലേക്കും കത്തോലിക്കാ സഭയിലേക്കും ആവേശത്തോടെ കടന്നുവരുന്ന യുവജനമുഖങ്ങളെയാണ്. വത്തിക്കാൻ മീഡിയയുടെ ഡെപ്യൂട്ടി ഡയറക്ടർ അലസ്സാൻഡ്രോ ജിസോട്ടി ഈ പുതിയ പ്രവണതയെ ഇങ്ങനെ വിലയിരുത്തുകയുണ്ടായി. എഡിറ്റർ ആ വാക്കുകൾ ഇങ്ങനെ: "സഭയുടെ ആശയവിനിമയ രംഗത്ത് ഇതൊരു വലിയ മാറ്റമാണ്. ഡിജിറ്റൽ ആശയവിനിമയത്തിന്റെ പ്രാധാന്യം ലിയോ മാർപാപ്പ ഗ്രഹിച്ചു കഴിഞ്ഞു. യുവതയുടെ ചടുലമായ ആശയവിനിമയ രീതികളുമായി പാപ്പ ഇന്ന് ഇണങ്ങിച്ചേർന്നു കഴിഞ്ഞു. "യുവജനങ്ങളുടെ ഇഷ്ടവിഹാര രംഗമായ കായികരംഗത്തോടുള്ള പാപ്പയുടെ പ്രതിപത്തിയും അന്താരാഷ്ട്ര വാർത്താ ഏജൻസിയായ സി.എൻ. എന്നിന്റെ വത്തിക്കാൻ ലേഖകൻ ക്രിസ്റ്റഫർ ലാമ്പ് തന്റെ 'അമേരിക്കൻ ഹോപ്പ്' എന്ന കൃതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സഭയുടെ ആത്മീയ ദൗത്യത്തിലേക്ക്, യുവജനങ്ങളുടെ ഹൃദയഭാഷയിൽ തന്നെ സംവദിച്ചുകൊണ്ട് പാപ്പ മറ്റ് ആത്മീയാചാര്യന്മാർക്ക് മാതൃകയായി മാറിക്കഴിഞ്ഞു.ഭാരതസഭയോടു ചേർന്ന് കേരളസഭ യുവജന ദിനം ആഘോഷമായി ആചരിച്ചത് ജൂലൈ 5നായിരുന്നു. (ഔദ്യോഗിക ദിനാചരണം ജൂലൈ 3 ) യുവജന ദിനാഘോഷങ്ങൾക്ക് ഈ വർഷം ആതിഥേയത്വം വഹിച്ചത് കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ ചെയർമാൻ ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേലിന്റെ ത്രുപതയായ ഇടുക്കിയായിരുന്നു. മുരിക്കാശ്ശേരി പാവനാത്മ കോളജിൽ നടന്ന യുവജന ദിനാഘോഷങ്ങളിൽ ആവേശഭരിതരായി റീത്ത് വ്യത്യാസമില്ലാതെ യുവജനങ്ങൾ പങ്കെടുത്തു. ശത്രുതയുടെയും വിദ്വേഷത്തിന്റെയും കൂടാരങ്ങളിലേക്ക് യുവജനങ്ങൾ നയിക്കപ്പെട്ട നാൾവഴികൾ കേരളത്തിന്റെ സമൂഹചരിത്രത്തിലുണ്ട്. ചില പാർട്ടികളുടെ പതാകകൾ കുത്തിനിർത്തുന്ന കൊടിമരങ്ങൾക്ക് വേരുണ്ടാകാറില്ല. താൽക്കാലികമായ കാപട്യക്കസർത്തുകൾക്കായി യുവജനങ്ങളെ ആട്ടിത്തെളിച്ചെത്തിക്കാൻ കഴിയാത്തവിധം യുവജനങ്ങൾ ഇന്ന് പ്രവർത്തന സ്വാതന്ത്ര്യത്തിനായുള്ള പുതുവഴികൾ തേടിക്കഴിഞ്ഞിട്ടുണ്ട്. ഒരു നേതാവ് മാത്രമുള്ള ക്രിസ്തുമതത്തിന്റെ അടരുകളിൽ അവരുടെ ഹൃദയങ്ങൾക്ക് രുചിച്ചറിയാൻ കഴിയുന്ന ദൈവാശ്രയബോധത്തിന്റെ തേൻതുള്ളികളുണ്ട്. സ്നേഹവും കരുണയും ചാലിച്ച നവമാനവിക ബന്ധങ്ങളിലേക്കുള്ള വിശ്വാസതീർത്ഥാടനത്തിലാണ് എന്നും ക്രിസ്തുമതം. ഗിഗ് തൊഴിൽ സംസ്കാരം തീർക്കുന്ന അനിശ്ചിതത്വവും എ.ഐ. ഉയർത്തുന്ന വെല്ലുവിളികളുമെല്ലാം മറികടക്കാൻ ദൈവത്തിന്റെ കൈപിടിച്ചുള്ള ജീവിതയാത്രകൾ യുവജനങ്ങൾക്ക് ഇന്ന് അനിവാര്യവുമാണ്. പുതിയതലമുറ ഹൃദയങ്ങൾ കൊണ്ടാണ് സംസാരിക്കുന്നത്. ഡിജിറ്റലായാലും പ്രിന്റായാലും സംപ്രേഷണം ചെയ്യുകയോ എഴുതുകയോ ചെയ്യുന്ന ആശയങ്ങൾക്കും അക്ഷരങ്ങൾക്കും ദൈവാത്മാവ് പ്രസരിപ്പിക്കുന്ന ഒരു ദിവ്യപ്രകാശധോരണിയുണ്ട്. ഈ ദിവ്യപ്രകാശത്തിന്റെ സ്രോതസ്സുകളിലേക്ക് യുവജനങ്ങളെ നയിക്കാനാണ് കത്തോലിക്കാസഭയുടെ എക്കാലത്തെയും ശ്രമം. ലിയോ പതിനാലാമൻ മാർപാപ്പയാകട്ടെ സ്വന്തം ജീവിതത്തിന്റെ സാക്ഷ്യത്തിൽ തനിക്ക് അനുഭവിക്കാൻ കഴിയുന്ന അത്യപൂർവമായ ദൈവാനുഗ്രഹങ്ങൾ തന്റെ പുതിയ വിവരിക്കുന്നു. ഒരിക്കലും കാലഹരണപ്പെടാത്ത തിരുവചനത്തിലൂടെ യുവതയിലേക്കുള്ള പ്രദക്ഷിണ വഴികളിൽ ക്രിസ്തുവിനെ പ്രതിഷ്ഠിക്കുവാൻ പ്രതിജ്ഞാബദ്ധരാണ് നാം എന്നും. വരും തലമുറകൾക്കുള്ള വിശ്വാസത്തിന്റെ പാഥേയമൊരുങ്ങുന്നത്, യേശുക്രിസ്തുവിനെ എല്ലാമായി കരുതുന്ന ക്രിസ്തീയ കുടുംബങ്ങളിലാണെന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ യുവത്വത്തെക്കുറിച്ചുള്ള നിർവചനത്തിനു കൂടി നമുക്ക് കാതോർക്കാം: "ജീവിതത്തിൽ ഏതാനും വർഷം നീണ്ടുനിൽക്കുന്ന സുന്ദരമായ ഒരു കാലഘട്ടം മാത്രമല്ല, ദൈവപരിപാലനയിൽ ഒരു വ്യക്തിക്ക് ലഭ്യമാകുന്ന ഉത്തരവാദിത്വപൂർണ്ണമായ ഒരു കാലയളവ് കൂടിയാണ് യുവത്വം !

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ



വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# പ്രേഷിതദൗത്യത്തിന്റെ ഇടമാകണം സഭ : പാപ്പ

ബാബു കദളിക്കാട്

SPECIAL REPORT



**റോം:** റോമൻ രൂപതയുടെ പുതിയ അജപാലന വർഷത്തിന് തുടക്കം കുറിച്ച് റോമിലെ സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്ത ലിയോ പതിനാലാമൻ പാപ്പാ, സഭ ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയിലേക്ക് മനുഷ്യരെ നയിക്കുന്നതും പ്രേഷിതദൗത്യത്തിൽ സജീവമായി പങ്കാളികളാക്കുന്നതുമായ സമൂഹമായിരിക്കണമെന്ന് ആഹ്വാനം ചെയ്തു. ഉത്ഥിതനായ യേശുവിനെ തേടി കല്ലറയിലെത്തിയ മഗ്ദലന മറിയത്തോട് ദൂതൻ ചോദിച്ച രണ്ട് ചോദ്യങ്ങൾ – “നീ എന്തിനാണ് കരയുന്നത്?” “നീ ആരെയാണ് അന്വേഷിക്കുന്നത്?” – തന്റെ സന്ദേശത്തിന്റെ അടിസ്ഥാനമാക്കിയായിരുന്നു പാപ്പായുടെ ഉദ്ബോധനം. റോമൻ രൂപതയുടെ വരാനിരിക്കുന്ന അജപാലന യാത്രയിൽ ഈ ചോദ്യങ്ങൾ നിർണായകമായ ആത്മപരിശോധനയ്ക്കും വിവേചനത്തിനും പ്രചോദനമാകണമെന്ന് പാപ്പാ പറഞ്ഞു. പ്രത്യാശയോടെയുള്ള ഈ അന്വേഷണം ഇടവകകളിലും സഭാ സമൂഹങ്ങളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈനംദിന ജീവിതത്തിന്റെ വിവിധ

സാഹചര്യങ്ങളിലും പരസ്പരം ശ്രദ്ധിക്കുന്നതിലൂടെ കണ്ടെത്താനാകുമെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. സുവിശേഷപ്രഘോഷണം, കാരുണ്യപ്രവർത്തനങ്ങൾ, ആരാധനാ ശുശ്രൂഷകൾ എന്നിവയിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന നിരവധി സമൂഹങ്ങൾ ഇന്നും സഭയിൽ ഉണ്ടെങ്കിലും, അവയ്ക്കിടയിൽ സന്തോഷങ്ങളോടൊപ്പം ബുദ്ധിമുട്ടുകളും വെല്ലുവിളികളും യാഥാർത്ഥ്യമാണെന്നും അദ്ദേഹം പറഞ്ഞു.

## അജപാലനത്തിന്റെ കേന്ദ്രം

മഗ്ദലന മറിയത്തെ ക്രിസ്തുവിലേക്ക തിരികെ കൊണ്ടുവന്നത് യേശു അവളെ പേര് ചൊല്ലി വിളിച്ചതാണെന്ന് പാപ്പാ അനുസ്മരിച്ചു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നത് അവിടുന്ന് നമ്മെ വ്യക്തിപരമായി വിളിക്കുന്നതിലും ആ വിളിയോട് പ്രത്യുത്തരിക്കുന്നതിലുമാണ്. അതുകൊണ്ടുതന്നെ അജപാലന പ്രവർത്തനങ്ങൾ “എന്താണ് ചെയ്യേണ്ടത്?” എന്ന ചോദ്യത്തിൽനിന്നല്ല, മറിച്ച് “ആരെയാണ് കണ്ടുമുട്ടേണ്ടത്?”, “എങ്ങനെ കണ്ടുമുട്ടണം?” എന്ന ചോദ്യങ്ങളിൽനിന്നാണ് ആരംഭിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ക്രിസ്തുവിനെ യഥാർത്ഥമായി കണ്ടുമുട്ടുന്നവർ ഹൃദയം നിറഞ്ഞ സന്തോഷത്തോടെ ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ പുറപ്പെടുന്നു. ഈ അനുഭവമാണ് ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം നൽകുന്നതെന്നും പാപ്പാ വ്യക്തമാക്കി. പുതിയ അജപാലന വർഷത്തിന്റെ ആരംഭത്തിൽ സഭാജീവിതത്തിൽ പരിപാലിക്കേണ്ടതും തിരുത്തേണ്ടതും പരിവർത്തനം ചെയ്യേണ്ടതും എന്താണെന്ന് തിരിച്ചറിയാൻ സഭാസമൂഹങ്ങൾ തയ്യാറാകണമെന്ന് പാപ്പാ ആഹ്വാനം ചെയ്തു. സഹഉത്തരവാദിത്വം, കൂട്ടായ ശ്രവണം, വിവേചനം എന്നിവയിൽ അധിഷ്ഠിതമായ സിനഡൽ സഭയുടെ സമീപനം ഇതിൽ നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ യാഥാർത്ഥ്യങ്ങളെ പരിശോധിക്കുക എന്നത് അവയെ യഥാർത്ഥ രൂപത്തിൽ തിരിച്ചറിയുക എന്നതാണെന്ന് പാപ്പാ വിശദീകരിച്ചു. ഈ പരിശോധന ഏതാനും വ്യക്തികളുടെ മാത്രം ഉത്തരവാദിത്വമല്ലെന്നും, മുഴുവൻ സഭാസമൂഹത്തെയും ഉൾപ്പെടുത്തി നടത്തേണ്ടതാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

## മൂന്നു പ്രധാന മേഖലകൾ

അജപാലന ജീവിതത്തിന്റെ പരിശോധനയിൽ മൂന്ന് പ്രധാന മേഖലകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പാപ്പാ പറഞ്ഞു. ഒന്നാമതായി, ക്രിസ്തുവുമായുള്ള കൂടിക്കാഴ്ച. സഭ നിലനിൽക്കുന്നത് തനിക്കുവേണ്ടിയല്ല; ഓരോ വ്യക്തിയെയും കർത്താവുമായുള്ള കൂടിക്കാഴ്ചയിലേക്ക് നയിക്കാനാണ്. അതിനാൽ സഭയുടെ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ മനുഷ്യരെ ക്രിസ്തുവിലേക്ക നയിക്കുന്നുണ്ടോ എന്നും സുവിശേഷം അവരുടെ മൂർത്തമായ ജീവിതവുമായി ബന്ധപ്പെടുന്നുണ്ടോ എന്നും പരിശോധിക്കണം.
രണ്ടാമതായി, സമൂഹങ്ങളുടെ രൂപീകരണം. ക്രിസ്തുവിന്റെ ഉത്ഥാനം പുതിയതും സ്വതന്ത്രവും അനുരഞ്ജനപരവുമായ കൂട്ടായ്മകൾക്ക് ജന്മം നൽകുന്നു. എല്ലാവർക്കും പങ്കാളിത്തം അനുഭവപ്പെടുകയും യഥാർത്ഥ ബന്ധങ്ങൾ വളരുകയും സഹഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ കഴിയുകയും ചെയ്യുന്ന സമൂഹങ്ങളായിരിക്കണം സഭാസമൂഹങ്ങൾ.
മൂന്നാമതായി, പ്രേഷിത ദൗത്യം. സഭ നിസ്സംഗതയുടെ ഇടമാകരുത്; മറിച്ച് പ്രേഷിത ദൗത്യത്തിന്റെ ഇടമായിരിക്കണം. ജനങ്ങളുടെ പ്രതീക്ഷകളും ദുർബലതകളും ചോദ്യങ്ങളും സഭ തിരിച്ചറിയുകയും അവയ്ക്കിടയിൽ സുവിശേഷത്തിന്റെ സാന്നിധ്യം ഉറപ്പാക്കുകയും വേണം. ഈ മൂന്ന് മേഖലകളും ദൈവജനത്തിന്റെ നിരന്തരമായ രൂപീകരണത്തിന്റെ









ആവശ്യകതയിലേക്കാണ് നയിക്കുന്നതെന്നും പാപ്പാ പറഞ്ഞു. ജീവിതത്തിൽ ഇടയ്ക്കിടെ "എന്തുകൊണ്ട്?" എന്ന ചോദ്യം ഉന്നയിക്കണമെന്നും അദ്ദേഹം ക്ഷണിച്ചു. നമ്മുടെ തിരഞ്ഞെടുപ്പുകളുടെ കാരണങ്ങളും അവയുടെ ഫലങ്ങളും തമ്മിലുള്ള സത്യസന്ധമായ പരിശോധനയിൽനിന്നാണ് ആധികാരികമായ വിവേചനം രൂപപ്പെടുന്നതെന്നും പാപ്പാ ചൂണ്ടിക്കാട്ടി.




# പൊതുനന്മയുടെ നവമാനങ്ങളിലേക്ക് കണ്ണയക്കാം ...

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

SPECIAL REPORT



**മനുഷ്യത്വപൂർണമായ ലോകനിർമാണത്തിലെ സഹകരണത്തെ ആശ്രയിച്ചാണ് മനുഷ്യരാശിയുടെ ഭാവി: ലിയോ പതിനാലാമൻ പാപ്പ**

‘ഗൗദിയും എത് സ്പെസ്’ എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണത്തെ ആസ്പദമാക്കിയുള്ള മതബോധനപരമ്പര തുടരവെ, മനുഷ്യരുടെ പരസ്പരാശ്രിതത്വത്തെ തിരിച്ചറിയുന്നത് മനുഷ്യവ്യക്തിയുടെ അന്തസ്സിനെ അടിസ്ഥാനമാക്കി ഇന്നത്തെ സാമൂഹിക-രാഷ്ട്രീയ പദ്ധതികളെ വിലയിരുത്താൻ നമ്മെ പ്രേരിപ്പിക്കുന്നുവെന്ന് ലിയോ പതിനാലാമൻ പാപ്പ. വത്തിക്കാനിലെ സെന്റ് പത്രോസിന്റെ ചത്വരത്തിൽ നടന്ന പ്രതിവാര പൊതുസദസ്സിൽ പാപ്പാ ലിയോ പതിനാലാമൻ പാപ്പ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഗൗദിയും എത് സ്പെസ് (Gaudium et spes) എന്ന പാസ്റ്ററൽ ഭരണഘടനയെ ആസ്പദമാക്കിയുള്ള മതബോധന പരമ്പര തുടർന്നു. പ്രമാണത്തിന്റെ രണ്ടാം അധ്യായം “മനുഷ്യസമൂഹം” എന്ന വിഷയത്തിനാണ് സമർപ്പിച്ചിരിക്കുന്നത്. ആധുനിക ലോകത്തിന്റെ പ്രധാന സവിശേഷതകളിലൊന്നായി മനുഷ്യർ പരസ്പരം കൂടുതൽ കൂടുതൽ ആശ്രയിക്കുന്ന സാഹചര്യം ഗൗദിയും എത് സ്പെസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ ഈ പരസ്പരാശ്രിതത്വം വ്യക്തികൾ തമ്മിലുള്ള കൂടുതൽ ആഴത്തിലുള്ള കൂട്ടായ്മയിൽ പൂർണ്ണത പ്രാപിക്കണമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. അതിന് ഓരോ വ്യക്തിയുടെയും പൂർണ്ണമായ ആത്മീയ അന്തസ്സിനോടുള്ള പരസ്പര ബഹുമാനം അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.




**പോരാ മനുഷ്യർക്കു പകരം അൽഗോരിതങ്ങൾ**

ഇന്നത്തെ സാഹചര്യത്തിൽ ഭരണഘടനയിലെ ഈ രണ്ടു ചിന്തകളും കൂടുതൽ പ്രസക്തമായിക്കൊണ്ടിരിക്കുകയാണെന്ന് പാപ്പ പറഞ്ഞു. സാങ്കേതികവിദ്യയുടെ പുരോഗതി, ബഹുജനമാധ്യമങ്ങളുടെയും സാമൂഹ്യമാധ്യമങ്ങളുടെയും വ്യാപനം, കൃത്രിമബുദ്ധിയുടെ (AI) വർധിച്ചുവരുന്ന ഉപയോഗം എന്നിവ ഒരു വശത്ത് പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും അതിരുകൾ ഇല്ലാതാക്കുകയും അകലം കുറയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മറുവശത്ത്, ഇവയുടെ വളർച്ച ബന്ധങ്ങളെ കൂടുതൽ വെർച്വലും വ്യക്തിപരത കുറഞ്ഞതുമാക്കുന്ന സാഹചര്യവും സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യന്റെ മനസ്സാക്ഷിക്ക് മാത്രം വിട്ടുകൊടുക്കേണ്ട തീരുമാനങ്ങൾക്കുപോലും അൽഗോരിതങ്ങളെ ആശ്രയിക്കുന്ന ശീലം വളരാനുള്ള സാധ്യതയുണ്ടെന്നും പാപ്പാ മുന്നറിയിപ്പ് നൽകി.

"സാമൂഹികബന്ധങ്ങൾക്ക് യഥാർഥ ഉള്ളടക്കവും വ്യക്തിപരമായ ആഴവും ഉറപ്പാക്കുക എന്നതാണ് ക്രൈസ്തവ സമൂഹം നൽകാൻ ആഗ്രഹിക്കുന്ന സംഭാവന," പാപ്പാ പറഞ്ഞു. എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളായി പരസ്പരം സഹോദരീസഹോദരന്മാരെപ്പോലെ പരിഗണിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. "ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹമാണ് ആദ്യത്തെയും ഏറ്റവും വലിയതുമായ കൽപ്പന"; അതിന്റെ പൂർണ്ണമായ വെളിപ്പെടുത്തലും സാക്ഷാത്കാരവും ക്രിസ്തുവിലാണ് ഉണ്ടായതെന്നും പാപ്പാ വ്യക്തമാക്കി.

**ഒരൊറ്റ മനുഷ്യകുടുംബം**

വ്യക്തിയുടെ സമ്പൂർണ്ണതയും സമൂഹത്തിന്റെ വികസനവും പരസ്പരം അടുത്ത ബന്ധമുള്ളവയായി കാണേണ്ടതാണെന്ന് പാപ്പാ പറഞ്ഞു. ഇവ രണ്ടിനെയും പരസ്പരം വിരുദ്ധമായി കാണുകയോ വേർതിരിക്കുകയോ ചെയ്യുന്നത് അവയുടെ അർത്ഥം തന്നെ നഷ്ടപ്പെടുത്തുന്നതിന് തുല്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചരിത്രത്തിലുടനീളം ഇതിന്റെ തെളിവുകൾ കാണാൻ കഴിയും. അതുകൊണ്ടുത

ന്നെ, സമൂഹത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും വിഷയവും ലക്ഷ്യവും മനുഷ്യവ്യക്തിയായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പിതാക്കന്മാർ വ്യക്തമാക്കിയതായി പാപ്പാ ഓർമ്മിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളുടെ വൈവിധ്യത്തെ ഗൗദിയൂം എത് സ്പെസ് ഒരു സമ്പത്തായും പരസ്പര വളർച്ചയ്ക്കുള്ള അവസരമായുമാണ് കാണുന്നത്. അത് അപകടമോ ഭീഷണിയോ ആയി കാണേണ്ടതല്ല. പാപത്തിന്റെ ശക്തിയും അത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും മനുഷ്യരുടെ ചിന്താഗതികളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്ന രീതിയുമാണ് സംഘർഷങ്ങൾക്ക്, അവ ഹിംസയിലേക്കും നാശത്തിലേക്കും മരണത്തിലേക്കും നയിക്കുമ്പോൾ, കാരണമാകുന്നതെന്ന് പാപ്പാ വിശദീകരിച്ചു. ഇതിന് വിപരീതമായി, പരസ്പരത, പങ്കുവയ്ക്കൽ, കരുതൽ എന്നിവയുടെ മനോഭാവത്തിലേക്ക് കൂടുതൽ തുറന്നുവരാൻ പാപ്പാ എല്ലാവരെയും ആഹ്വാനം ചെയ്തു. ഗൗദിയൂം എത് സ്പെസ് അനുസരിച്ച് പൊതുനന്മ എന്നത്, സാമൂഹികജീവിതത്തിലെ വ്യക്തികൾക്കും വിവിധ സാമൂഹികവിഭാഗങ്ങൾക്കും അവരുടെ പൂർണ്ണമായ വളർച്ചയിലേക്കും സാക്ഷാത്കാരത്തിലേക്കും എത്തിച്ചേരാൻ ആവശ്യമായ സാഹചര്യങ്ങളുടെ സമാഹാരമാണ്. ഇതിനൊപ്പം വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള പരസ്പരാശ്രിതത്വം തിരിച്ചറിയുകയും വേണം. ഓരോ സാമൂഹികവിഭാഗവും മറ്റു വിഭാഗങ്ങളുടെ ആവശ്യങ്ങളും ലക്ഷ്യങ്ങളും മാത്രമല്ല, മുഴുവൻ മനുഷ്യകുടുംബത്തിന്റെ പൊതുക്ഷേമവും പരിഗണിക്കേണ്ടതുണ്ടെന്നും പാപ്പാ പറഞ്ഞു.

## മനുഷ്യാന്തസ്സിനോടുള്ള ആദരവും സാമൂഹികനീതിയും

ഈ പശ്ചാത്തലത്തിൽ, "പ്രായോഗികവും പ്രത്യേകിച്ച് അടിയന്തരവുമായ ചില പ്രത്യാഘാതങ്ങൾ" കൗൺസിലിന്റെ പിതാക്കന്മാർ ചൂണ്ടിക്കാട്ടിയതായി പാപ്പാ വിശദീകരിച്ചു. ഒന്നാമതായി, മനുഷ്യവ്യക്തിയോടുള്ള ആദരവാണ് പ്രധാനം. ജീവനെ തന്നെ എതിർക്കുന്നതും വ്യക്തിയുടെ അഖണ്ഡതയെ ലംഘിക്കുന്നതും മനുഷ്യാന്തസ്സിനെ അപമാനിക്കുന്നതുമായ എല്ലാ പ്രവർത്തനങ്ങളും ഗുരുതരമായ അനീതികളാണെന്ന് ഗൗദിയൂം എത് സ്പെസ് വ്യക്തമാക്കുന്നു. രണ്ടാമതായി, ഓരോ മനുഷ്യനും അടിസ്ഥാനപരമായി തുല്യനാണെന്ന സത്യമാണ് സാമൂഹികനീതിയുടെ ആവശ്യകതയിലേക്ക് നയിക്കുന്നത്. ഏതുതരത്തിലുള്ള വിവേചനവും മറികടക്കുകയും ഇല്ലാതാക്കുകയും വേണം. അത് ദൈവത്തിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമാണെന്നും കൗൺസിൽ പഠിപ്പിക്കുന്നു. വ്യക്തികേന്ദ്രീകൃതമായ മനോഭാവത്തെ മറികടന്ന് ഉത്തരവാദിത്തത്തിന്റെയും പങ്കാളിത്തത്തിന്റെയും മനോഭാവം സ്വീകരിക്കണമെന്ന് കൗൺസിലിന്റെ പിതാക്കന്മാർ നമ്മെ വെല്ലുവിളിക്കുന്നതായി പാപ്പ പറഞ്ഞു. മനുഷ്യരാശിയെ "വ്യക്തികളുടെ ഒരു സമൂഹം" എന്ന നിലയിൽ കാണുന്ന ഈ ദർശനം രണ്ടാം വത്തിക്കാൻ കൗൺസിൽ നമുക്ക് കൈമാറിയ വിലപ്പെട്ട പൈതൃകമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. മനുഷ്യാന്തസ്സിനെ മാനദണ്ഡമാക്കി ഇന്നത്തെ സാമൂഹികവും രാഷ്ട്രീയവുമായ സംഭവവികാസങ്ങളെ വിലയിരുത്തുന്നതിനായി വ്യക്തിപരവും സാമൂഹികവുമായ വിവേചനബോധം വളർത്താൻ ഈ ദർശനം നമ്മെ ആഹ്വാനം ചെയ്യുന്നു. "മനുഷ്യരാശിയുടെ ഭാവി, കൂടുതൽ മനുഷ്യത്വപൂർണമായ ഒരു ലോകം നിർമിക്കുന്നതിൽ ദൈവത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും സഹകരിക്കാൻ ഓരോ വ്യക്തിയും നടത്തുന്ന പ്രതിബദ്ധതയെ ആശ്രയിച്ചിരിക്കുന്നു," പാപ്പ പറഞ്ഞു. ❍


CHARIS NATIONAL SERVICE OF COMMUNION
CHARIS NATIONAL SERVICE OF COMMUNION, UAE
INVITES YOU ALL FOR
CHARISMS WORKSHOP
Charisms of the Holy Spirit
DISCOVER AND UNLEASH YOUR GIFTS
"All these are activated by one and the same Spirit,
who allots to each one individually just as the Spirit chooses."
- 1 Corinthians 12:11
Prophecy
Teaching
Tongues
Healing
Miracles
Interpretation
Wisdom
Knowledge
Faith
Discernment
Resource Person:- Bro. Thomas Paul
OCT 31st to NOV 1st, 2026
9 AM - 5 PM
St. Anthony of Padua Roman Catholic Church, RAK.
With the Blessing of:-
Fr. Varghese Kozhippadan, OFMCap.
Fr. Andre Francisco Fernandes, OFMCap.
SCAN TO REGISTER
For more information; Reach out : Declan +971 507955737 & Rohan +971 506589024




# കൃപയുടെ കീഴിൽ സ്വതന്ത്രർ

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** ലിയോ പതിനാലാമനായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് എന്ന പേരിൽ എഴുതിയ പ്രസംഗങ്ങളും വചനസന്ദേശങ്ങളും കത്തുകളും ഉൾപ്പെടുത്തിയ ഗ്രന്ഥം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. ആ ഗ്രന്ഥത്തിലെ ഉള്ളടക്കത്തെക്കുറിച്ച് പാപ്പാ ലിയോ പതിനാലാമനായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് നടത്തിയ ആദ്യകാല പൊതുപ്രസംഗങ്ങളും ആത്മീയ ചിന്തകളും ഉൾക്കൊള്ളുന്ന ഗ്രന്ഥം ആദ്യമായിട്ടാണ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത്. Freedom Under Grace: Reflections on the Spiritual Tradition That Formed Me എന്ന പേരിലുള്ള പുസ്തകം സെപ്റ്റംബർ 15 മുതൽ അമേരിക്ക, ബ്രിട്ടൻ, ഓസ്ട്രേലിയ, കോമൺവെൽത്ത് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാകും. പെൻഗ്വിൻ റാൻഡം ഹൗസ് ക്രിസ്റ്റ്യൻ പബ്ലിഷിങ് ഗ്രൂപ്പിന്റെ ഇംപ്രിന്റായ ഇമേജ് ബുക്സാണ് അമേരിക്കയിൽ ഗ്രന്ഥം പ്രസിദ്ധീകരിക്ക

ന്നത്. ബ്രിട്ടനിലും ഓസ്ട്രേലിയയിലും പെൻഗ്വിൻ റാൻഡം ഹൗസ് യുകെയുടെ എൻലൈറ്റൻ ഇംപ്രിന്റിലൂടെയാണ് പ്രസിദ്ധീകരണം. ഇറ്റാലിയൻ ഭാഷയിൽ വത്തിക്കാൻ പ്രസിദ്ധീകരണശാലയായ ലിബ്രേരിയ എഡിട്രിച്ചെ വത്തിക്കാന (LEV) Liberi sotto la Grazia എന്ന പേരിലാണ് ഗ്രന്ഥം ആദ്യം പ്രസിദ്ധീകരിച്ചത്. ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് 2001 മുതൽ 2013 വരെ വിശുദ്ധ അഗസ്റ്റിന്റെ സന്യാസസഭയുടെ പ്രിയോർ ജനറലായി സേവനമനുഷ്ഠിച്ച കാലഘട്ടത്തിലെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും സന്ദേശങ്ങളും കത്തുകളും ഉൾപ്പെടുത്തിയാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

## ആത്മീയ പാരമ്പര്യം

അഗസ്റ്റീനിയൻ വൈദികരായ റൊക്കോ റോൺസാനി, മിഗ്വേൽ ആൻഹെൽ മാർട്ടിൻ ഹ്വാരസ്, മൈക്കൽ ഡി ഗ്രിഗോറിയോ എന്നിവർ ചേർന്നാണ് ഗ്രന്ഥം എഡിറ്റ് ചെയ്തിരിക്കുന്നത്. ലിയോ പതിനാലാമനായി മാറിയ ഫാ. പ്രെവോസ്റ്റിന്റെ ചിന്തയും ആത്മീയതയും രൂപപ്പെട്ടതിന്റെ പശ്ചാത്തലം ഈ രചനകളിലൂടെ വായനക്കാർക്ക് അടുത്തറിയാൻ കഴിയും. വിശുദ്ധ അഗസ്റ്റിന്റെ ആത്മീയ പാരമ്പര്യമാണ് ഫാ. പ്രെവോസ്റ്റിന്റെ ചിന്തയിലും ആത്മീയ ദർശനത്തിലും നിർണായക സ്വാധീനം ചെലുത്തിയത്. ദൈവാന്വേഷണം, കൃപയുടെ പ്രാധാന്യം, സഭയുടെ ദൗത്യം, ദരിദ്രരുടെ നിലവിളി, ആധുനിക ലോകത്തിന് മനസ്സിലാകുന്ന ഭാഷയിൽ സുവിശേഷം പകർന്നുനൽകേണ്ടതിന്റെ ആവശ്യകത എന്നിവയാണ് അദ്ദേഹത്തിന്റെ ചിന്തയിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന പ്രധാന വിഷയങ്ങളെന്ന് പുസ്തകത്തിന്റെ റോമിലെ അവതരണച്ചടങ്ങിൽ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിൻ ചൂണ്ടിക്കാട്ടി. 2026 മേയ് 6-ന് റോമിലെ പാട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റീനിയാനത്തിൽ ഇറ്റാലിയൻ പതിപ്പിന്റെ പ്രകാശനം നടന്നു. പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അതിന്റെ ഒരു പ്രതി പാപ്പാ ലിയോ പതിനാലാമന് സമ്മാനിക്കുകയും ചെയ്തു. വിവിധ ഭാഷകളിലേക്കുള്ള വിവർത്തനങ്ങളും ഇതിനകം പുരോഗമിക്കുകയാണ്.

## കൃപയിൽ സ്വതന്ത്രർ

ഗ്രന്ഥത്തിന്റെ തലക്കെട്ട് വിശുദ്ധ അഗസ്റ്റിന്റെ നിയമത്തിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശുദ്ധ അഗസ്റ്റിന്റെ സന്യാസസഭയുടെ പ്രിയോർ ജനറൽ ഫാ. ജോസഫ് ഫാരെൽ പുസ്തകത്തിന്റെ അവതരണച്ചടങ്ങിൽ പറഞ്ഞു. നിയമത്തിന്റെ കീഴിലുള്ള ദാസന്മാരെപ്പോലെയല്ല, "കൃപയിൽ സ്വതന്ത്രരായ മനുഷ്യരെപ്പോലെ" ജീവിക്കണമെന്ന വിശുദ്ധ അഗസ്റ്റിന്റെ ആഹ്വാനമാണ് ഗ്രന്ഥത്തിന്റെ തലക്കെട്ടിന് പ്രചോദനമായത്. വിശുദ്ധ അഗസ്റ്റിൻ പാപ്പാ ലിയോ പതിനാലാമന്റെ ആത്മീയ ചിന്തയിൽ വഹിക്കുന്ന പ്രത്യേക സ്ഥാനവും ഈ ഗ്രന്ഥത്തിലൂടെ വ്യക്തമാകുന്നു. ഓർഡർ ഓഫ് സെന്റ് അഗസ്റ്റിന്റെ ആദ്യത്തെ പാപ്പാ എന്ന നിലയിലും, അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ പാപ്പാ എന്ന നിലയിലും, ഇംഗ്ലീഷ് മാതൃഭാഷയായ ലിയോ പതിനാലാമന്റെ ആദ്യകാല രചനകൾ ഇംഗ്ലീഷ് വായനക്കാർക്ക് പ്രത്യേക താൽപര്യമുണർത്തുന്നതാണ്.

## ദാരിദ്ര്യവും മനുഷ്യാവകാശങ്ങളും സമകാലിക ലോകവും

ഫാ. പ്രെവോസ്റ്റ് ഓർഡർ ഓഫ് സെന്റ് അഗസ്റ്റിന്റെ പ്രിയോറി ജനറലായിരുന്ന കാലത്ത് നടത്തിയ പ്രസംഗങ്ങൾ, പ്രസംഗരചനകൾ, വ്യക്തിപരമായ എഴുത്തുകൾ എന്നിവയാണ് പുസ്തകത്തിന്റെ പ്രധാന ഉള്ളടക്കം. 2001 സെപ്റ്റംബർ 11-



ലെ ഭീകരാക്രമണത്തിനു ശേഷമുള്ള ലോകസാഹചര്യം, രൂപപ്പെട്ടുവരുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, ദാരിദ്ര്യത്തോടും മനുഷ്യാവകാശ സംഘർഷങ്ങളോടുമുള്ള സഭയുടെ പ്രതികരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഫാ. പ്രെവോസ്റ്റിന്റെ ചിന്തകൾ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ അഗസ്റ്റിന്റെ ചിന്തയിൽനിന്ന് പ്രചോദനം സ്വീകരിച്ച് സമൂഹം, ഐക്യദാർഢ്യം, സേവനം എന്നിവയിൽ അധിഷ്ഠിതമായ ജീവിതദർശനമാണ് അദ്ദേഹം മുന്നോട്ടുവയ്ക്കുന്നതെന്ന് പ്രസാധകർ അറിയിച്ചു. സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെടുന്നവരോടുള്ള സഭയുടെ കരുതലും സേവനവും അദ്ദേഹത്തിന്റെ ചിന്തയിൽ പ്രധാന സ്ഥാനമാണ് വഹിക്കുന്നത്. പെൻഗ്വിൻ റാൻഡം ഹൗസ് ക്രിസ്റ്റ്യൻ പബ്ലിഷിങ്ങിന്റെ സീനിയർ വൈസ് പ്രസിഡന്റും പ്രസാധകനുമായ ക്യാംപ്ബെൽ വാർട്ടൺ, പുസ്തകത്തിലെ ഓരോ അധ്യായവും ഭാവിയിൽ പാപ്പാ ലിയോ പതിനാലാമനാകാനിരുന്ന വ്യക്തിയുടെ ആത്മീയ ആഴവും ദർശനവും തുറന്നുകാട്ടുന്ന ഒരു ജാലകമാണെന്ന് വിശേഷിപ്പിച്ചു. ഇന്നത്തെ ലോകം നേരിടുന്ന വെല്ലുവിളികളെ സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശത്തിലൂടെ അഭിമുഖീകരിക്കാനുള്ള ആഹ്വാനമാണ് ഗ്രന്ഥം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. കത്തോലിക്കർക്കു മാത്രമല്ല, ജീവിതത്തിന് മാർഗനിർദേശവും പ്രത്യാശയും തേടുന്ന ഏതു ക്രൈസ്തവനും ആത്മീയാന്വേഷകനും ഈ പുസ്തകം പ്രയോജനകരമാകുമെന്നാണ് പ്രസാധകരുടെ വിലയിരുത്തൽ.

**ആത്മീയ വേരുകളിലേക്ക്**

പാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പുള്ള ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിന്റെ ആത്മീയവും അജപാലനപരവുമായ ചിന്തകൾ നേരിട്ട് പരിചയപ്പെടാൻ ഇംഗ്ലീഷ് പതിപ്പിലൂടെ കൂടുതൽ വിശാലമായ വായനാസമൂഹത്തിന് അവസരം ലഭിക്കുകയാണ്. വിശുദ്ധ അഗസ്റ്റിന്റെ പാരമ്പര്യത്തിൽ വേരൂന്നിയ അദ്ദേഹത്തിന്റെ ആത്മീയ ദർശനം, അജപാലന സമീപനം, സുവിശേഷദൗത്യത്തെക്കുറിച്ചുള്ള ചിന്ത, ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള കരുതൽ എന്നിവയാണ് Freedom Under Grace എന്ന ഗ്രന്ഥത്തിലൂടെ കൂടുതൽ വ്യക്തമായി പ്രത്യക്ഷപ്പെടുന്നത്. ഗ്രന്ഥത്തിന്റെ ഓഡിയോബുക്ക് പതിപ്പിൽ ആദ്യകാല പ്രസംഗങ്ങളും പ്രഭാഷണങ്ങളും എമ്മി പുരസ്കാര ജേതാവും കത്തോലിക്കാ വിശ്വാസിയുമായ സ്റ്റീഫൻ കോൾബർട്ട് വായിക്കും. പ്രധാന ഉള്ളടക്കം പുരസ്കാര ജേതാവും ഗ്രാമി പുരസ്കാരത്തിന് നാമനിർദേശം ലഭിച്ചിട്ടുള്ള നറേറ്ററുമായ സ്കോട്ട് ബ്രിക്കാണ് അവതരിപ്പിക്കുന്നത്. ❍



# തുടരണം നാം പ്രത്യാശയുടെ യാത്ര

ഡോ. എഡ്‌വേർഡ് എടേഴത്ത്, യു. എസ്. എ.

**SPECIAL REPORT**



മത മൗലികവാദത്തെ ചെറുക്കാനും മതസ്വാതന്ത്ര്യം സംരക്ഷിക്കാനും സാഹോദര്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വം വളർത്താനും ആഹ്വാനം ചെയ്ത് വത്തിക്കാൻ കത്തോലിക്കാ സഭയും ഇതര മതവിശ്വാസികളും തമ്മിലുള്ള ബന്ധത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനമായ നോസ്ട്ര അറ്റേറ്റെ (Nostra aetate)യുടെ അറുപതാം വാർഷികത്തിൽ, മതാന്തര സംവാദത്തിനുള്ള സഭയുടെ പ്രതിബദ്ധത പുതുക്കി വത്തിക്കാൻ. വിദ്വേഷത്തിനും വിഭജനത്തിനുമെതിരെ നിലകൊള്ളാനും മതമൗലികവാദത്തെ ചെറുക്കാനും മതസ്വാതന്ത്ര്യം സംരക്ഷിക്കാനും സാഹോദര്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വം കെട്ടിപ്പടുക്കാനും ആഹ്വാനം ചെയ്യുന്ന "പ്രത്യാശയുടെ യാത്ര" (A Journey of Hope) എന്ന പേരിലുള്ള പുതിയ രേഖ വിശ്വാസപ്രബോധനത്തിനായുള്ള ഡിക്കാസ്റ്ററി, ക്രൈസ്തവ ഐക്യം പ്രോത്സാഹിപ്പിക്കുന്ന ഡിക്കാസ്റ്ററി, മതാന്തര സംവാദത്തിനായുള്ള ഡിക്കാസ്റ്ററി എന്നീ മൂന്ന് വത്തിക്കാൻ ഡിക്കാസ്റ്ററികൾ സംയുക്തമായി പ്രസിദ്ധീകരിച്ചു.



**മാർഗദർശനമായി**

രണ്ടാം ലോകമഹായുദ്ധാത്തിന് ശേഷമുള്ള കാലഘട്ടത്തിൽ, കത്തോലിക്കരും യഹൂദരും മറ്റ് മതവിശ്വാസികളും തമ്മിലുള്ള ബന്ധത്തിൽ നിർണായകമായ വഴിത്തിരിവായിരുന്നു നോസ്ട്ര അറ്റേറ്റെ. അറുപത് വർഷങ്ങൾക്കിപ്പുറവും യുദ്ധങ്ങളും പ്രകൃതിപരിസ്ഥിതിയുടെ തകർച്ചയും മൂലം മുറിവേറ്റ ലോകത്തിൽ പ്രത്യാശ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രധാന പ്രചോദനമായി ഈ പ്രഖ്യാപനം തുടരുകയാണെന്ന് പുതിയ രേഖ ചൂണ്ടിക്കാട്ടുന്നു. വിഭജനങ്ങൾ സംവാദത്തെ മറികടക്കുന്ന സാഹചര്യത്തിലും മതസ്വാതന്ത്ര്യം നിരന്തരം ലംഘിക്കപ്പെടുന്ന പശ്ചാത്തലത്തിലും ദൈവത്തിന്റെ നാമം ദുരുപയോഗപ്പെടുത്തി ഹിംസയ്ക്കും ഭീകരവാദത്തിനും ന്യായീകരണം നൽകുന്ന പ്രവണതകൾ നിലനിൽക്കുമ്പോഴും സഭയുടെ അജപാലനപരവും ദൈവശാസ്ത്രപരവുമായ ഇടപെടലുകൾക്ക് നോസ്ട്ര അറ്റേറ്റെ മാർഗദർശനമായി തുടരുന്നു.

**വിവേചനവും മതപീഡനവും**

"സംക്ഷിപ്തവും ധീരവുമായ" ഈ കൗൺസിൽ പ്രഖ്യാപനത്തിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ചാണ് മൂന്ന് ഡിക്കാസ്റ്ററികളും ചേർന്ന് A Journey of Hope എന്ന രേഖ പ്രസിദ്ധീകരിച്ചത്. നോസ്ട്ര അറ്റേറ്റെയ്ക്ക് ശേഷമുള്ള മതാന്തര സംവാദത്തിന്റെ പ്രധാന ഘട്ടങ്ങൾ രേഖ പുനഃപരിശോധിക്കുന്നു. സംവാദത്തിന്റെ നേട്ടങ്ങളും നേരിടുന്ന വെല്ലുവിളികളും വിലയിരുത്തുന്നതിനൊപ്പം ഭാവിയിലേക്കുള്ള സാധ്യതകളും രേഖ മുന്നോട്ടുവയ്ക്കുന്നു. കാലാതീതമായ ഒരു സന്ദേശം പുതുക്കുകയാണ് രേഖയുടെ പ്രധാന ലക്ഷ്യം: "വംശം, വർണം, സാമൂഹികനില, മതം എന്നിവയുടെ പേരിൽ ആളുകളോടുള്ള ഏതുതരത്തിലുള്ള വിവേചനവും പീഡനവും ക്രിസ്തുവിന്റെ മനോഭാവത്തിന് അന്യമായതിനാൽ സഭ അതിനെ അപലപിക്കുന്നു."

**കൗൺസിൽ മുതൽ ഇന്നുവരെ**

"വർധിച്ചുവരുന്ന സാംസ്കാരികവും മതപരവുമായ വൈവിധ്യം, യുദ്ധവും ഹിംസയും, മതനിരപേക്ഷതയിലേക്കുള്ള വളർച്ച എന്നിവയാൽ അടയാളപ്പെടുത്തപ്പെടുന്ന സമൂഹങ്ങളിൽ സാർവത്രിക സാഹോദര്യത്തിനുള്ള ആഹ്വാനം



എങ്ങനെയാണ് പ്രായോഗികമായി ജീവിക്കാനാകുക?" എന്ന ചോദ്യത്തോടെയാണ് രേഖയുടെ ചിന്തകൾ ആരംഭിക്കുന്നത്. ഏകദേശം ഇരുപത് പേജുകളുള്ള രേഖയിൽ ബന്ധപ്പെട്ട ഡിക്കാസ്റ്ററികളുടെ പ്രീഫെക്ടുമാരായ കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ്, കർദിനാൾ കുർട്ട് കോച്ച്, കർദിനാൾ ജോർജ് കൂവക്കാട് എന്നിവരും അവരുടെ സെക്രട്ടറിമാരായ ഫാ. അർമാണ്ടോ മാറ്റെയോ, ആർച്ച്ബിഷപ്പ് ഫ്ലാവിയോ പാസെ എന്നിവരും ഒപ്പുവച്ചിട്ടുണ്ട്.യഹൂദവിരുദ്ധതയുടെ ഭീകരമായ പരിണതഫലങ്ങൾക്കും ഹോളോകോസ്റ്റിനും പിന്നാലെ ഉയർന്ന സാഹചര്യങ്ങളോടുള്ള സഭയുടെ പ്രതികരണമായാണ് നോസ്‌ട്ര അറ്റേറ്റെ രൂപപ്പെട്ടതെന്ന് രേഖ ഓർമ്മിപ്പിക്കുന്നു. 1965 ഒക്ടോബർ 28-ന് പ്രസിദ്ധീകരിച്ച പ്രഖ്യാപനം സഭയുടെ നിലപാടിൽ "ഗൗരവമായ മാറ്റം" അടയാളപ്പെടുത്തി. മറ്റ് മതങ്ങളിൽ സത്യവും വിശുദ്ധവുമായതൊന്നും സഭ നിരാകരിക്കുന്നില്ലെന്ന് വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ട്, അവയുടെ പ്രബോധനങ്ങളെയും തത്വങ്ങളെയും "ആദരവോടും ബഹുമാനത്തോടും" കാണാൻ വിശ്വാസികളെ ആഹ്വാനം ചെയ്തത് അതിലൂടെയായിരുന്നു. ദിഗ്നിറ്റാത്തിസ് ഹ്യൂമാനെ (Dignitatis humanae) എന്ന പ്രഖ്യാപനത്തെ അനുസ്മരിച്ച്, മറ്റ് മതങ്ങളോടുള്ള ആത്മാർഥമായ ബഹുമാനപൂർണ ബന്ധത്തിന് അവരുടെ മതസ്വാതന്ത്ര്യത്തോടുള്ള ബഹുമാനവും അനിവാര്യമാണെന്ന് രേഖ വ്യക്തമാക്കുന്നു. അതേ തത്വത്തിന്റെ അടിസ്ഥാനത്തിൽ, ക്രൈസ്തവർ ന്യൂനപക്ഷമായ രാജ്യങ്ങളിൽ അവർക്കും തുല്യമായ മതസ്വാതന്ത്ര്യം ഉറപ്പാക്കണമെന്ന് രേഖ ആവശ്യപ്പെടുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തീവ്രവാദ മതസംഘടനകളിൽനിന്ന് ഇന്നും ക്രൈസ്തവർ നേരിടുന്ന മതപീഡനവും രേഖ ചൂണ്ടിക്കാട്ടുന്നു. "മതത്തിന്റെ പേരിലുള്ള ഏതൊരു പീഡനവും എല്ലായ്പ്പോഴും മനുഷ്യാന്തസ്സിന്റെ ലംഘനമാണ്. അതിനെതിരെ അടിയന്തരമായി പൊതുവായ പ്രതികരണം ആവശ്യമാണ്–നോസ്‌ട്ര അറ്റേറ്റെയുടെ ആത്മാവിൽ എല്ലാവരോടും എല്ലാവർക്കുമായി ആദരവും സംവാദവും സമാധാനപരമായ സഹവർത്തിത്വവും പ്രോത്സാഹിപ്പിക്കുന്ന പ്രതികരണം."

**യഹൂദരും ക്രൈസ്തവരും തമ്മിലുള്ള ബന്ധം**

ക്രൈസ്തവരും യഹൂദരും തമ്മിലുള്ള സവിശേഷ ബന്ധത്തിന് രേഖ പ്രത്യേക പ്രാധാന്യം നൽകുന്നു. പഴയനിയമത്തിലെ പൊതുവായ വേരുകളിൽനിന്ന്




ആരംഭിച്ച്, പരസ്പര ധാരണയും ആദരവും വളർത്താനും സാഹോദര്യപരമായ സംവാദം പ്രോത്സാഹിപ്പിക്കാനുമുള്ള കൗൺസിലിന്റെ ആഹ്വാനം രേഖ ഓർമ്മിപ്പിക്കുന്നു. "യഹൂദജനതയുമായുള്ള ദൈവത്തിന്റെ ഉടമ്പടി മാറ്റമില്ലാത്തതാണ്; A Journey of Hope വ്യക്തമാക്കുന്നു. അതേസമയം, യഹൂദജനതയുമായുള്ള ഉടമ്പടി ക്രൈസ്തവ രക്ഷയുടെ വഴിക്കു സമാന്തരമായ വഴിയാണ്. പിതാവായ ദൈവത്തിലുള്ള വിശ്വാസം വഴി അത് സുസ്ഥാപിതമായി സഭയുടെ വിശ്വാസപ്രകാരം ക്രിസ്തുവിലൂടെ പിതാവായ ദൈവത്തെ നാം അറിയുന്നു. അതിനാൽ "നമുക്ക് പരസ്പരം ഇല്ലാതെ കഴിയില്ല" എന്നും രേഖ ചൂണ്ടിക്കാട്ടുന്നു.

**<u>യഹൂദവിരുദ്ധതയ്ക്കെതിരെ സംയുക്ത പോരാട്ടം</u>**

യഹൂദജനതയോടുള്ള ഐക്യദാർഢ്യം യഹൂദവിരുദ്ധതയ്ക്കെതിരായ സംയുക്ത പോരാട്ടവും ഉൾക്കൊള്ളുന്നതാണ്. നോസ്ട്ര അറ്റേറ്റെ തന്നെ ഏത് കാലത്തും ആരുടെ ഭാഗത്തുനിന്നും ഉണ്ടായാലും യഹൂദവിരുദ്ധ വിദ്വേഷത്തെയും പീഡനത്തെയും അപലപിച്ചിരുന്നുവെന്ന് രേഖ ഓർമ്മിപ്പിക്കുന്നു. ഹോളോകോസ്റ്റുമായി ബന്ധപ്പെട്ട് വിവിധ പാപ്പമാർ നടത്തിയ അപലപനങ്ങളും രേഖ പരാമർശിക്കുന്നു. സംഭവങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത വ്യാഖ്യാനങ്ങൾ മൂലം ആശയവിനിമയത്തിന്റെ പല വഴികളും സമ്മർദ്ദത്തിലായിട്ടുണ്ടെന്ന് ഡിക്കാസ്റ്ററികൾ വ്യക്തമാക്കി. ബന്ധപ്പെട്ട മതസമൂഹങ്ങൾക്കുള്ളിൽപ്പോലും ഈ സംഭവങ്ങളെക്കുറിച്ചുള്ള നിലപാടുകൾ എല്ലായ്പ്പോഴും ഏകകണ്ഠമല്ലെന്നും അവർ ചൂണ്ടിക്കാട്ടുന്നു. എന്നിരുന്നാലും, അറുപത് വർഷത്തെ "സംയുക്ത പരിശ്രമത്തിലൂടെ" വളർത്തിയെടുത്ത








പരസ്പര പരിചയവും ആദരവും നിലനിർത്തുകയും കൂടുതൽ വികസിപ്പിക്കുകയും വേണമെന്ന് രേഖ ആഹ്വാനം ചെയ്യുന്നു.

**<u>മതാന്തര സംവാദത്തിന്റെ ഫലങ്ങൾ</u>**

ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, സിഖ് മതം, ഷിന്റോ മതം, താവോയിസം, കൺഫ്യൂഷ്യനിസം, സൊറാസ്ട്രിയനിസം, പരമ്പരാഗത ആഫ്രിക്കൻ മതങ്ങൾ എന്നിവയുമായുള്ള ബന്ധങ്ങളിലും മതാന്തര സംവാദത്തിന്റെ ഫലങ്ങൾ പ്രകടമാണ്. മതനേതാക്കൾക്കിടയിൽ ദീർഘകാല സൗഹൃദബന്ധങ്ങൾ രൂപപ്പെട്ടു. സംയുക്ത വിദ്യാഭ്യാസ–സാമൂഹിക പദ്ധതികൾ ആരംഭിച്ചു. മാനുഷിക ദുരന്തങ്ങൾ, യുദ്ധങ്ങൾ, പരിസ്ഥിതി പ്രതിസന്ധികൾ എന്നിവയോടുള്ള പ്രതികരണമായി സംയുക്ത പ്രസ്താവനകളും പുറത്തിറങ്ങി. ദൈവശാസ്ത്രജ്ഞർ തമ്മിലുള്ള സംവാദവും വിവിധ മതങ്ങളിലെ സന്യാസപാരമ്പര്യങ്ങൾ തമ്മിലുള്ള ആശയവിനിമയവും ഇതിൽ നിർണായക പങ്കുവഹിച്ചുവെന്ന് രേഖ പറയുന്നു. ബഹുമത സമൂഹങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ വൈദികരും സന്യാസികളും അല്മായരും നിശ്ശബ്ദമായും ലളിതമായും നടത്തുന്ന ദൈനംദിന ജീവിതസാക്ഷ്യത്തിനും വലിയ പ്രാധാന്യമുണ്ട്. "സമാധാനത്തോടെ ഒരുമിച്ച് ജീവിക്കുകയും അയൽക്കാ



രെന്ന നിലയിൽ പരസ്പരം സന്നിഹിതരായിരിക്കുകയും ചെയ്യുക എന്ന ലളിതമായ വസ്തുത തന്നെ ഒരു സാക്ഷ്യമാണ്" എന്ന് രേഖ ചൂണ്ടിക്കാട്ടുന്നു. ഇത്തരം നേട്ടങ്ങളെല്ലാം "ചിലപ്പോൾ പ്രാരംഭഘട്ടത്തിലായും അദൃശ്യമായും, എന്നാൽ ഫലപ്രദമായും" നിലനിൽക്കുന്നവയാണ്. "എല്ലാവരോടും സംവദിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ സാക്ഷികളായി ലോകത്തിൽ ജീവിക്കുക" എന്ന നോസ്ട്ര അറ്റേറ്റെയുടെ ദർശനമാണ് അവയിൽ പ്രതിഫലിക്കുന്നത്.

## ദരിദ്രർ 'ദിശാസൂചിക'

വിശുദ്ധ പോൾ ആറാമൻ മുതൽ പാപ്പാ ലിയോ പതിനാലാമൻ വരെയുള്ള പാപ്പമാരുടെ പ്രബോധനങ്ങൾ അവലോകനം ചെയ്തുകൊണ്ട്, ഇന്നത്തെ ചരിത്ര സാഹചര്യത്തിൽ മതാന്തര സംവാദത്തിന്റെ പ്രാധാന്യത്തിലേക്കും രേഖ ശ്രദ്ധ തിരിക്കുന്നു. ദരിദ്രരെ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത് ശരിയായ ദിശയിലാണോ മുന്നേറുന്നതെന്ന് തിരിച്ചറിയുന്നതിനുള്ള "സാർവത്രിക വിവേചനമാനദണ്ഡമായി" രേഖ അവതരിപ്പിക്കുന്നു. ദരിദ്രരെ ഒരു ദിശാസൂചികയോട് ഉപമിച്ചുകൊണ്ട്, ഏറ്റവും ദുർബലരായവരോടുള്ള യഥാർഥ കരുതലാണ് രാഷ്ട്രീയമോ സാമ്പത്തികമോ സാമൂഹികമോ അക്കാദമികമോ മതപരമോ സാംസ്കാരികമോ ആയ ഏതൊരു പദ്ധതിയുടെയും സമഗ്രത വിലയിരുത്താനുള്ള അടിസ്ഥാന മാനദണ്ഡമെന്ന് രേഖ വ്യക്തമാക്കുന്നു.

## സംവാദം നേരിടുന്ന വെല്ലുവിളികൾ

ഇന്നത്തെ ലോകത്ത് മതാന്തര സംവാദം നേരിടുന്ന നിരവധി ബുദ്ധിമുട്ടുകളും രേഖ എടുത്തുകാട്ടുന്നു. ചിലർ സംവാദം മതസിദ്ധാന്തങ്ങളിലെ ആപേക്ഷികതയിലേക്കോ മതസ്വത്വത്തിന്റെ ദുർബലീകരണത്തിലേക്കോ നയിക്കുമെന്ന് ഭയപ്പെടുന്നു. ചരിത്രപരമായി സംഘർഷങ്ങളാൽ അടയാളപ്പെട്ട ബന്ധങ്ങളും മുൻകാല

മുറിവുകളുടെ ഓർമ്മകളും പരസ്പരവിശ്വാസം രൂപപ്പെടുത്തുന്നതിന് തടസ്സമാകുന്നു. മതമൗലികവാദത്തിന്റെ വളർച്ച, മുൻവിധികളുടെ തുടർച്ച, മതസ്വത്വത്തെ രാഷ്ട്രീയമായി ദുരുപയോഗം ചെയ്യൽ, ദൈവത്തിന്റെ പേരിൽ നടത്തുന്ന ഹിംസ എന്നിവ സംവാദത്തിന്റെ അടിസ്ഥാനങ്ങളെ ദുർബലപ്പെടുത്തുന്നതായും രേഖ ചൂണ്ടിക്കാട്ടുന്നു. മതനിരപേക്ഷത ശക്തമായ സമൂഹങ്ങളിൽ മതപരമായ പ്രഭാഷണങ്ങളെ പാർശ്വവൽക്കരിക്കുകയോ ഉപകരണമായി മാത്രം ഉപയോഗിക്കുകയോ ചെയ്യുന്ന പ്രവണതയും നിലനിൽക്കുന്നു. മതവിശ്വാസത്തെ വെറും നാടോടിപാരമ്പര്യമായോ വ്യക്തിപരമായ അഭിപ്രായമായോ ചുരുക്കുകയോ പൂർണമായും അവഗണിക്കുകയോ ചെയ്യുന്ന സാഹചര്യവും രേഖ പരാമർശിക്കുന്നു.

## സഹോദരീസഹോദരന്മാരെപ്പോലെ ജീവിക്കുക

അതുകൊണ്ടുതന്നെ മതാന്തര സംവാദത്തിന്റെ മുന്നോട്ടുള്ള യാത്ര "ആവശ്യപ്പെടുന്നതും വെല്ലുവിളി നിറഞ്ഞതുമാണ്"; അതിന് വിനയവും ധൈര്യവും വിവേചനബോധവും ആവശ്യമാണെന്ന് രേഖ പറയുന്നു. സംവാദം ഒരു "തന്ത്രമല്ല"; സ്വന്തം മതസ്വത്വം ഉപേക്ഷിക്കലുമല്ല. മറിച്ച് അത് "ആധികാരികമായ സുവിശേഷപാത"യാണ്. സ്വന്തം മതപരവും സാംസ്കാരികവുമായ സ്വത്വത്തെക്കുറിച്ചുള്ള വ്യക്തമായ ബോധത്തോടൊപ്പം മറ്റുള്ളവരുടെ വ്യത്യസ്തതയോടുള്ള ആത്മാർഥമായ തുറന്ന മനസ്സും സംവാദത്തിന് അനിവാര്യമാണ്. "ആദരവും ബഹുമാനവും" ദീർഘകാലമായി നിലനിന്നിരുന്ന ഒഴിവാക്കൽ, അവഹേളനം, നിസ്സംഗത എന്നീ മനോഭാവങ്ങളെ മറികടക്കുന്നതിനുള്ള "അനിവാര്യമായ അടിത്തറകളാണ്". നോസ്ട്ര അറ്റേറ്റെയെ ഉദ്ധരിച്ചുകൊണ്ട് രേഖ പറയുന്നു: "എല്ലാവരുടെയും പിതാവായ ദൈവത്തെ നാം വിളിച്ചപേക്ഷിക്കാനാവില്ല, അതേസമയം ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ചിലരോട് സഹോദരീസഹോദരന്മാരെപ്പോലെ പെരുമാറാൻ നാം വിസമ്മതിക്കുകയും ചെയ്യുന്നു എങ്കിൽ."

## സൗഹൃദപരവും ധീരവുമായ സമീപനം

ഇന്ന് വിഭജനങ്ങൾ വളർത്തുകയും സംഘർഷങ്ങൾ ഇളക്കിവിടുകയും ചെയ്യുന്ന ശക്തികൾക്കിടയിൽ, വിവിധ മതപാരമ്പര്യങ്ങളിൽപ്പെട്ട വിശ്വാസികൾ വ്യക്തതയോടും പ്രത്യാശയോടും കൂടി സമാധാനപരമായ സഹവർത്തിത്വത്തിന് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കണമെന്ന് രേഖ ആഹ്വാനം ചെയ്യുന്നു. ഈ ലക്ഷ്യം കൈവരിക്കാൻ പ്രതിരോധം, വൈരം, കീഴടക്കൽ എന്നിവയുടെ യുക്തി ഉപേക്ഷിച്ച് തുറന്നതും സൗഹൃദപരവും ധീരവുമായ സമീപനം സ്വീകരിക്കേണ്ടതുണ്ടെന്ന് രേഖ വ്യക്തമാക്കുന്നു. എല്ലാവരെയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ആഹ്വാനത്തോടെയാണ് പുതിയ രേഖ സമാപിക്കുന്നത്. "മതിലുകൾ കെട്ടിപ്പടുക്കുന്നവരല്ല, പാലങ്ങൾ പണിയുന്നവരാകുക"; "സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ശിൽപ്പികളാകുക"; "മറ്റുള്ളവരെ അവരുടെ വൈവിധ്യത്തിൽ സ്വീകരിക്കുകയും കൂടുതൽ നീതിപൂർണവും മനുഷ്യത്വപൂർണവുമായ ഒരു സമൂഹത്തിന്റെ നിർമാണത്തിൽ സഹകരിക്കുകയും ചെയ്യുക" എന്നതാണ് രേഖയുടെ ആഹ്വാനം. ❍




# ക്ഷമ

# ഒരുമിച്ച് ജീവിക്കുന്നതിനുള്ള ഏറ്റവും നല്ല നിയമം: ലിയോ പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



വി.മത്തായിയുടെ സുവിശേഷം 18:21-35 വരെയുള്ള ദൈവവചന ഭാഗം വിശദീകരിച്ച് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് ക്ഷമയാണെന്ന് ലിയോ പാപ്പാ പഠിപ്പിച്ചു. ഈ ക്ഷമയുടെ പാഠമാണ് കുരിശിലൂടെ ഈശോ നമ്മെ പഠിപ്പിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്തത്. കർത്താവേ എന്നോട് തെറ്റ് ചെയ്യുന്ന സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴ് പ്രാവശ്യമോ (മത്താ:18:21) എന്ന് വി. പത്രോസ് ശ്ലീഹാ ചോദിക്കുന്നു. ഈ സംശയം നിറഞ്ഞ ചോദ്യം ശ്ലീഹായുടെ ഹൃദയവി

ശാലതയെ സൂചിപ്പിക്കുന്നു. കാരണം ഏഴ് എന്ന സംഖ്യ വി.ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതയെ സൂചിപ്പിക്കുന്നു. അപ്പോൾ ഏഴു പ്രാവശ്യം ക്ഷമിക്കുക എന്നു പറഞ്ഞാൽ വിശാലമായി ക്ഷമിക്കുക എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഏവരേയും അതിശയിപ്പിക്കുന്ന മറുപടിയാണ് ഈശോ നൽകുന്നത്. 'ഏഴെന്നല്ല ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണമെന്ന്" ഈശോ പഠിപ്പിക്കുന്നു (മത്താ: 18:22) പാപ്പാ പറയുന്നത് ക്ഷമ എന്നത് എല്ലാ അതിരുകളെയും അളവുകളെയും അതിലംഘിക്കുന്നത് ആയിരിക്കണം എന്നാണ്. ഈശോ ഈ കാര്യം കൂടുതൽ വ്യക്തമാക്കാനായി യജമാനന് വീട്ടാൻ കഴിയാത്തത്ര വലിയ കടം ഉണ്ടായിരുന്ന ഒരു ദാസന്റെ ഉപമ വിവരിക്കുന്നു എന്നാണ് ലിയോ പാപ്പ പറയുന്നത്. യജമാനന്റെ കാരുണ്യത്താൽ ദാസന് കടം ഇളച്ചു കിട്ടിയെങ്കിലും തന്റെ സുഹൃത്തിനോട് അതേ കാരുണ്യം കാണിക്കാത്തതിനാൽ അവൻ ശാസിക്കപ്പെടുകയും കഠിനമായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു (മത്താ:18:23–30). ഈശോ ഇവിടെ നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ നിലനിൽപ്പിന്റെ അടിസ്ഥാനം ദാനം ചെയ്യുന്നതിലും ക്ഷമിക്കലിലുമാണെന്നാണ്.

## കറയില്ലാത്ത സ്നേഹം

ലിയോ പാപ്പാ പഠിപ്പിക്കുന്നത് ദൈവം നമുക്ക് നൽകിയതെല്ലാം അവന്റെ കറയില്ലാത്ത സ്നേഹത്തിൽ നിന്നാണ് വിശാലമായ ആ നന്മയോട് പ്രതികരിക്കുന്നതിൽ നമ്മൾ പൂർണ്ണരാണ് എന്ന് പറയുവാൻ ആർക്കും സാധിക്കില്ല. ഇക്കാരണത്താൽ നമ്മുടെ ജീവിതത്തിന്റെ തന്നെ ഉറവിടമായ ഉദാരമനസ്കത നമ്മൾ ഒരുമിച്ച് ജീവിക്കുന്നതിനുള്ള ഏറ്റവും നല്ല ചട്ടം കൂടിയാണ്. ഇത് നാം അനുദിനം അനുഭവിക്കുന്നു. ക്ഷമ ഏറെ ആവശ്യമാണ്, അതിന്റെ അഭാവത്തിൽ സമാധാനത്തോടെ ജീവിക്കുക അസാധ്യമാണ്. അടുത്ത് തന്നെയോ അല്ലെങ്കിൽ പിന്നീടോ ഈ അഭാവം ഹൃദയങ്ങളിലും ആളുകൾക്കിടയിലും സംഘർഷങ്ങൾ, ആരോപണങ്ങൾ, നീരസങ്ങൾ, പകകൾ എന്നിവ ഉൽഭവിക്കുവാൻ കാരണമാകുന്നു. ഇവ ബന്ധങ്ങളെ നശിപ്പിക്കുന്നു. അങ്ങനെ യുദ്ധങ്ങൾക്ക് തിരികൊളുത്തുന്നു.

## പുതിയ തുടക്കമാകും

ലിയോ പാപ്പാ പഠിപ്പിക്കുന്നത് മനുഷ്യന്റെ ഭൗതികവും ധാർമ്മികവുമായ വീഴ്ചകൾ ജീവിതത്തിൽ ഇരുട്ടും അനിശ്ചിതത്വവും സൃഷ്ടിച്ചാലും ദൈവത്തിന്റെ ക്ഷമയും കരുണയും മാത്രമാണ് മനുഷ്യനെ വീണ്ടും സ്വാതന്ത്ര്യത്തിലേക്കും പ്രകാശത്തിലേക്കും നയിക്കുന്നത്. കട്ടിയുള്ള മേഘങ്ങളെ അകറ്റുന്ന കാറ്റുപോലെ ക്ഷമ ജീവിതത്തിലെ നിരാശയും കുറ്റബോധവും നീക്കി പുതിയ പ്രത്യാശ നൽകുന്നു. ഇതിന് ഏറ്റവും മനോഹരമായ ഉദാഹരണമാണ് വിശുദ്ധ പത്രോസ്. ഈശോയെ തള്ളിപ്പറഞ്ഞ പത്രോസിനെ ഉയിർത്തെഴുന്നേറ്റ ശേഷം ഈശോ കുറ്റപ്പെടുത്തുകയല്ല ചെയ്തത് മറിച്ച് 'ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുണ്ടോ' എന്ന് ചോദിച്ച് വീണ്ടും തന്റെ സ്നേഹത്തിലേക്കും ദൗത്യത്തിലേക്കും വിളിച്ചു. 'എന്നെ അനുഗമിക്കൂ' എന്ന ആഹ്വാനത്തിലൂടെ പത്രോസിന്റെ പഴയ പരാജയങ്ങളെക്കാൾ അവന്റെ ഭാവിയെയാണ് ഈശോ നോക്കിയത്. അതുകൊണ്ട് ദൈവത്തിന്റെ കരുണ പഴയ മുറിവുകളെ സുഖപ്പെടുത്തുകയും പരാജയങ്ങൾക്ക് പുതിയ തുടക്കം നൽകുകയും ചെയ്യുന്നു. ക്ഷമിക്കാനും വിദ്വേഷത്തെ ജയിക്കാനും പക ഉപേക്ഷിക്കാനും മറ്റുള്ളവരിലേക്ക് സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സൗഖ്യപ്രദമായ പ്രകാശം പകരാനും നാം പഠിക്കണം. ഇതിനായി കരുണയുടെ മാതാവായ പരി. കന്യകാ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥനാപൂർവ്വം തേടാം.❍



# ദൈവിക വെളിപാടിലൂടെ മനുഷ്യനെ സൗഹൃദത്തിലേക്ക് വിളിക്കുന്ന ദൈവം

**വത്തിക്കാനിൽ ബുധനാഴ്ചകളിൽ പതിവുള്ള പൊതുകൂടിക്കാഴ്ചയുടെ പുതിയൊരു പരമ്പരയാണ് ഇ◌ൗ വർഷത്തിലെ ആദ്യ ബുധനാഴ്ചയായ 2026 ജനുവരി ഏഴാം തീയതി ലിയോ പതിനാലാമൻ പാപ്പാ ആരംഭിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിലെ പ്രധാന രേഖകളുടെയും പ്രാധാന്യവും സഭയിൽ അവയുടെ സാംഗത്യവും വിശകലനം ചെയ്യുന്ന ഒരു ഉദ്ബോധനപരമ്പര.**

**ഈ  പ്രഭാഷണത്തിന്റെ മലയാള പരിഭാഷയാണിത് - ഭാഗം 2**

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



**വത്തിക്കാൻ:** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളെക്കുറിച്ചുള്ള തന്റെ പ്രഭാഷണപരമ്പര തുടരുന്നതിനിടെ, ദൈവിക വെളിപാടിനെക്കുറിച്ചുള്ള കൗൺസിലിന്റെ പ്രബോധനാത്മക ഭരണഘടനയായ Dei Verbum ആഴത്തിൽ പഠിക്കാൻ പാപ്പാ ആഹ്വാനം ചെയ്തു. കൗൺസിലിന്റെ ഏറ്റവും പ്രധാനപ്പെട്ടതും മനോഹരവുമായ രേഖകളിലൊന്നാണ് Dei Verbum എന്ന്

അദ്ദേഹം ചൂണ്ടിക്കാട്ടി."ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുന്നില്ല... ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു" എന്ന യേശുവിന്റെ വാക്കുകൾ (യോഹന്നാൻ 15:15) ഉദ്ധരിച്ചുകൊണ്ട്, ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഒരു സത്യമാണ് Dei Verbum മുന്നോട്ടുവയ്ക്കുന്നതെന്ന് പാപ്പാ വിശദീകരിച്ചു. യേശുക്രിസ്തുവിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് പുതിയൊരു മാനം കൈവന്നുവെന്നും, സേവകന്റെയും യജമാനന്റെയും ബന്ധത്തിൽനിന്ന് അത് സൗഹൃദത്തിന്റെ ബന്ധമായി മാറിയെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ, പുതിയ ഉടമ്പടിയുടെ അടിസ്ഥാന വ്യവസ്ഥ സ്നേഹമാണെന്നും പാപ്പാ വ്യക്തമാക്കി.

**കൃപയിലൂടെ ദൈവത്തിന്റെ സുഹൃത്തുക്കളാകാം**

യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗത്തെക്കുറിച്ചുള്ള വിശുദ്ധ അഗസ്റ്റിന്റെ വ്യാഖ്യാനം പരാമർശിച്ചുകൊണ്ട്, ദൈവപുത്രനിൽ ദൈവത്തിന്റെ സുഹൃത്തുക്കളാകാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് ദൈവകൃപയാണെന്ന് പാപ്പാ പറഞ്ഞു ."സൗഹൃദം തുല്യരായവരെ കണ്ടെത്തുന്നു; അല്ലെങ്കിൽ അവരെ തുല്യരാക്കുന്നു" എന്ന പുരാതന ചൊല്ലും അദ്ദേഹം ഉദ്ധരിച്ചു.മനുഷ്യൻ ദൈവത്തിന് തുല്യനല്ലെങ്കിലും, തന്റെ പുത്രനിലൂടെ ദൈവം തന്നെ മനുഷ്യനെ തന്നോടു സാദൃശ്യമുള്ളവനാക്കുന്നു. അതാണ് ക്രൈസ്തവ വെളിപാടിന്റെ പ്രത്യേകതയെന്നും പാപ്പാ വിശദീകരിച്ചു.

**ക്രിസ്തുവിലൂടെ ഉടമ്പടി അതിന്റെ പൂർണതയിലെത്തുന്നു**

വിശുദ്ധ തിരുവെഴുത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ ആദ്യഘട്ടങ്ങളിൽ ഒരു വേർപാടിന്റെ അനുഭവം കാണാമെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ദൈവം സ്രഷ്ടാവും മനുഷ്യൻ സൃഷ്ടിയുമെന്ന നിലയിൽ ഇരുവരും തുല്യരല്ല എന്നതാണ് അതിന്റെ അടിസ്ഥാന കാരണം. എന്നാൽ ദൈവപുത്രൻ മനുഷ്യശരീരം ധരിച്ച് ലോകത്തിലേക്ക് വന്നതോടെ ഈ ഉടമ്പടി അതിന്റെ പരമമായ ലക്ഷ്യത്തിലേക്ക് തുറക്കപ്പെട്ടു. യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യരെ തന്റെ മക്കളാക്കുകയും, അവരുടെ ദുർബലമായ മാനുഷികാവസ്ഥയിലും ദൈവത്തോട് സാദൃശ്യമുള്ളവരാകാൻ വിളിക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ള സാദൃശ്യം എതിർപ്പിലൂടെയോ പാപത്തിലൂടെയോ കൈവരിക്കാനാവില്ല. ഉൽപത്തി ഗ്രന്ഥത്തിൽ സർപ്പം ഹവ്വായെ പ്രേരിപ്പിച്ചതുപോലെ ദൈവത്തെ എതിർത്തുകൊണ്ടല്ല, മറിച്ച് മനുഷ്യനായിത്തീർന്ന ദൈവപുത്രനുമായുള്ള ബന്ധത്തിലൂടെയാണ് മനുഷ്യൻ ദൈവത്തോട് സാദൃശ്യമുള്ളവനാകുന്നതെന്ന് പാപ്പാ പറഞ്ഞു.

**ദൈവത്തിന്റെ വെളിപാട് സൗഹൃദത്തിന്റെ സംഭാഷണം**

"ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു" എന്ന യേശുവിന്റെ വാക്കുകൾ Dei Verbum പ്രതിധ്വനിപ്പിക്കുന്നതായി പാപ്പാ ചൂണ്ടിക്കാട്ടി. "തന്റെ അതിയായ സ്നേഹത്തിൽ, വെളിപാടിലൂടെ ദൈവം മനുഷ്യരോട് സുഹൃത്തുക്കളോടെന്നപോലെ സംസാരിക്കുകയും അവരോടൊപ്പം വസിക്കുകയും ചെയ്യുന്നു" എന്ന Dei Verbum മൂന്നാം നമ്പറിലെ ആശയം അദ്ദേഹം വിശദീകരിച്ചു. ഉൽപത്തി ഗ്രന്ഥത്തിൽ ദൈവം ആദ്യമാതാപിതാക്കളോടൊപ്പം സന്നിഹിതനായി അവരോട് സംസാരിക്കുന്നതായി കാണാം. പാപം മൂലം ആ സംഭാഷണം വിച്ഛേദിക്കപ്പെട്ടെങ്കിലും, സ്രഷ്ടാവ് തന്റെ സൃഷ്ടികളുമായി വീണ്ടും കൂടിക്കാഴ്ച നടത്താനു

ള്ള ശ്രമം ഒരിക്കലും അവസാനിപ്പിച്ചില്ല. വിവിധ ഘട്ടങ്ങളിൽ മനുഷ്യരുമായി ഉടമ്പടികൾ സ്ഥാപിക്കുകയും ചെയ്തു.ക്രൈസ്തവ വെളിപാടിൽ, പുത്രൻ മനുഷ്യശരീരം ധരിച്ച് മനുഷ്യരിലേക്ക് വന്നപ്പോൾ, മുമ്പ് വിച്ഛേദിക്കപ്പെട്ടിരുന്ന ദൈവ–മനുഷ്യ സംഭാഷണം നിർണായകമായി പുനഃസ്ഥാപിക്കപ്പെട്ടു. ഈ ഉടമ്പടി പുതിയതും ശാശ്വതവുമാണ്; ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് മനുഷ്യനെ വേർപെടുത്താൻ യാതൊന്നിനും കഴിയില്ലെന്നും പാപ്പാ പറഞ്ഞു.

## വാക്കുകളിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുന്നു

ദൈവത്തിന്റെ വെളിപാടിന് സൗഹൃദപരമായ സംഭാഷണത്തിന്റെ സ്വഭാവമാണുള്ളത്. മനുഷ്യസൗഹൃദങ്ങളിൽ സംഭവിക്കുന്നതുപോലെ, യഥാർഥ ബന്ധം നിശ്ശബ്ദതയിൽ മാത്രം നിലനിൽക്കുന്നതല്ല; വാക്കുകളുടെ പരസ്പരവിനിമയത്തിലൂടെയാണ് അത് വളരുന്നത്.വാക്കുകൾ കേവലം വിവരങ്ങളും അറിവും കൈമാറുന്നതിനുള്ള ഉപാധിയല്ല. ഒരാൾ താൻ ആരാണെന്ന് മറ്റൊരാൾക്ക് വെളിപ്പെടുത്തുന്നതിനുള്ള മാർഗം കൂടിയാണ് വാക്കുകൾ. അതുവഴി മറ്റൊരാളുമായി ബന്ധം സ്ഥാപിക്കപ്പെടുന്നു.ഇതേ അർത്ഥത്തിലാണ് ദൈവം മനുഷ്യനോട് സംസാരിക്കുന്നത്. ദൈവം തന്റെ വെളിപാടിലൂടെ സ്വയം മനുഷ്യന് പരിചയപ്പെടുത്തുകയും, തന്റെ സൗഹൃദത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുകയും ചെയ്യുന്നു.

## ദൈവവചനം ശ്രവിക്കുന്ന മനോഭാവം ആവശ്യമാണ്

ഈ ദൈവിക വെളിപാട് സ്വീകരിക്കുന്നതിന് ആദ്യം വേണ്ടത് ശ്രവിക്കുന്ന മനോഭാവമാണെന്ന് പാപ്പാ പറഞ്ഞു. ദൈവവചനം നമ്മുടെ മനസ്സിലും ഹൃദയത്തിലും ആഴത്തിൽ പ്രവേശിക്കാൻ മനുഷ്യൻ സ്വയം തുറന്നുകൊടുക്കണം.അതോടൊപ്പം, മനുഷ്യനും ദൈവത്തോട് സംസാരിക്കണം. ദൈവത്തിന് ഇതിനകം അറിയാവുന്ന കാര്യങ്ങൾ അറിയിക്കാനല്ല പ്രാർത്ഥന; മറിച്ച്, ദൈവസന്നിധിയിൽ മനുഷ്യൻ തന്നെത്തന്നെ തുറന്നുവയ്ക്കുന്നതിനും തന്റെ ആന്തരിക ജീവിതത്തെ തിരിച്ചറിയുന്നതിനുമുള്ള വഴിയാണ് പ്രാർത്ഥന.

## പ്രാർത്ഥന: ദൈവവുമായുള്ള സൗഹൃദത്തിന്റെ വളർച്ച

കർത്താവുമായുള്ള സൗഹൃദത്തിൽ ജീവിക്കാനും അതിൽ വളരാനും പ്രാർത്ഥന അനിവാര്യമാണെന്ന് പാപ്പാ വ്യക്തമാക്കി.ആരാധനാക്രമപരവും സമൂഹപരവുമായ പ്രാർത്ഥനയ്ക്ക് ഇതിൽ പ്രത്യേക സ്ഥാനമുണ്ട്. സഭയുടെ ആരാധനയിൽ ദൈവവചനത്തിൽനിന്ന് എന്താണ് കേൾക്കേണ്ടതെന്ന് മനുഷ്യൻ സ്വയം തീരുമാനിക്കുന്നില്ല; മറിച്ച്, സഭയിലൂടെ ദൈവം തന്നെ തന്റെ ജനത്തോട് സംസാരിക്കുന്നു.അതോടൊപ്പം, ഹൃദയത്തിൽനിന്നും മനസ്സിൽനിന്നും ഉയരുന്ന വ്യക്തിപരമായ പ്രാർത്ഥനയും ആവശ്യമാണ്. ഒരു ക്രൈസ്തവന്റെ ദിവസത്തിലും ആഴ്ചയിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ആത്മപരിശോധനയ്ക്കുമായി പ്രത്യേക സമയം ഉണ്ടായിരിക്കണം.പ്രാർത്ഥനയെ നിരന്തരം മാറ്റിവയ്ക്കാൻ കഴിയില്ല. ദൈവവുമായുള്ള സൗഹൃദം വളർത്തുന്നതിന് അവിടുത്തെ വചനം ശ്രവിക്കുകയും അവിടുത്തോട് സംസാരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.“ദൈവത്തെക്കുറിച്ച് സംസാരിക്കാൻ നമുക്ക് കഴിയുന്നത്, ആദ്യം ദൈവത്തോട് നാം സംസാരിക്കുമ്പോഴാണ്.” ❍




# വരാപ്പുഴ അതിരൂപതയ്ക്ക് 140 വയസ്സ്

**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ മെത്രാപ്പൊലീത്ത



2026 സെപ്റ്റംബർ 1-ന് വരാപ്പുഴ അതിരൂപത 'അതിരൂപത' യായി ഉയർത്തപ്പെട്ടിട്ട് 140 വർഷങ്ങൾ തികയുകയാണ്. ഇനി ശതോത്തര സുവർണ്ണജൂബിലിയിലേക്കുള്ള ഒരു യാത്രയാണ്. 2036-ൽ 150 വർഷങ്ങൾ പൂർത്തിയാക്കാനുള്ള യാത്രയാരംഭിക്കുന്ന വരാപ്പുഴ അതിരൂപതയുടെ സ്ഥാപനത്തിന്റെ ചരിത്രപശ്ചാത്തലം ഹ്രസ്വമായി വിവരിക്കാം. കേരള ക്രൈസ്തവരുടെയും കേരള സമൂഹത്തിന്റേയും നവോത്ഥാനത്തിന് അടിസ്ഥാനവും തുടക്കവും കുറിച്ച ഉദയംപേരൂർ സൂനഹദോസ് എന്ന ചരിത്രസംഭവം നടന്നത് 1599-ലാണല്ലോ. ഈ സൂനഹദോസ് വിളിച്ചുകൂട്ടുവാൻ ഗോവ ആർച്ച്ബിഷപ്പ് അലക്സിസ് മെനേസിസിന് ക്ലെമന്റ് എട്ടാമൻ പാപ്പാ അധികാരം നല്കിയിരുന്നു. 1599 ഫെബ്രുവരിയിൽ കേരളത്തിലെത്തിയ ആർച്ച്ബിഷപ്പ് മെനെസിസ് അന്ന് മലബാർ സഭയിലുണ്ടായിരുന്ന ഒട്ടുമിക്ക ദേവാലയങ്ങളും സന്ദർശിച്ച് സൂനഹദോസിനുവേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കി. ജൂൺ 20 മുതൽ 26 വരെ അന്നത്തെ ഒരു ക്രിസ്തീയ കേന്ദ്രമായിരുന്ന ഉദയംപേരൂർ ദേവാലയത്തിൽ (അങ്കണത്തിൽ) വച്ച് മലബാർ സഭയിലെ 133 വൈദീകരും 20 ഡീക്കന്മാരും 660 അല്മായ പ്രമുഖരും സംബന്ധിച്ച സൂനഹദോസ് നടത്തപ്പെട്ടു. അന്നു കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികളും സൂനഹദോസിൽ സംബന്ധിച്ചു എന്നതാണ് ചരിത്രം. അന്നു സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹ്യവും വിശ്വാസസംബന്ധവുമായ ദുരാചാരങ്ങൾ നീക്കം ചെയ്യുവാൻ കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പര്യങ്ങളേയും, ഏഴു കൂദാശകളേയും സാമൂഹ്യ ജീവിതത്തിലെ മൂല്യങ്ങളേയും സംബന്ധിച്ച് നവോത്ഥാന മൂല്യങ്ങൾ മുന്നോട്ടുവച്ച 200-ൽ പരം കാനോനകളാണ് ഈ സൂനഹദോസിൽ ഒപ്പുവച്ച് നടപ്പാക്കിയത്. ഇപ്രകാരം കേരള പൗരാണിക ക്രിസ്ത്യാനികൾ മുഴുവനും കത്തോലിക്കാവിശ്വാസം പുൽകിയ

ചരിത്ര മുഹൂർത്തമായിരുന്നു ഈ സൂനഹദോസ്. കേരളത്തിലെ പൊതുസമൂഹത്തിനാകട്ടെ നവോത്ഥാനമൂല്യങ്ങളുടെ സുവർണ്ണ വെളിച്ചവും ഉദയംപേരൂർ സൂനഹദോസ് കാനോനകളിലൂടെ ലഭ്യമായി. 1600 ഏപ്രിൽ ഒന്നിന് ക്ലെമന്റ് എട്ടാമൻ പാപ്പാ ആർച്ച് ബിഷപ്പ് മെനെസിസിന് അയച്ച 'മുൾത്താം ഇൻദോ മിനോ' എന്ന തിരുവെഴുത്തിലൂടെ ഉദയംപേരൂർ സൂനഹദോസ് നടപടികളെ ശ്ലാഘിക്കുകയും ഈ ദൗത്യനിർവ്വഹണത്തിൽ മെത്രാപ്പോലീത്തായ്ക്ക് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. 1601 മെയ് 19-ന് പാപ്പാ 'ദിവിനാം ദേയി' എന്ന തിരുവെഴുത്തിലൂടെ ഉദയംപേരൂർ സുനഹദോസിലെ എല്ലാ ഡിക്രികൾക്കും നടപടികൾക്കും ശ്ലൈഹികാശീർവ്വാദം നല്കി. ജീവൻ പണയപ്പെടുത്തി ദുർഘടമായ യാത്ര പൂർത്തിയാക്കി ഫാ. ജോസഫ് സെബസ്ത്യാനിയുടെ സംഘം 1657-ൽ ഇടപ്പള്ളി വി.ഗീവർഗ്ഗീസ് സഹദായുടെ പള്ളിയിലെത്തി. തുടർന്നു മലബാർ സഭയിലെ എല്ലാ പള്ളികളിലും യോഗങ്ങൾ ചേരുകയും അനുരഞ്ജന ശ്രമങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുകയും കത്തോലിക്കാ വിശ്വാസ കൂട്ടായ്മയിലേക്ക് ഭൂരിഭാഗം ദേവാലയങ്ങളേയും തിരിച്ചു കൊണ്ടുവരികയും ചെയ്തു. റിപ്പോർട്ടുമായി 1658-ൽ റോമിൽ തിരിച്ചെത്തിയ ഫാ. സെബസ്ത്യാനിയെത്തന്നെ മെത്രാനായി വാഴിച്ച് പരിശുദ്ധ സിംഹാസനം മലബാർ ക്രൈസ്തവരെ ഒന്നാകെ 'മലബാർ വികാരിയാത്ത്' എന്ന കത്തോലിക്കാ ഭരണ സംവിധാനത്തിൽ പുനർനിർണയിച്ചു. 'അപ്പസ്തോലിക് വികാരി' യായി ബിഷപ്പ് ജോസഫ് സെബസ്ത്യാനി മലബാർ വികാരിയാത്തിന്റെ പ്രഥമ സാരഥിയായി 1659-ൽ കേരളത്തിൽ തിരികെയെത്തി. പിന്നീട് മൂന്നു നൂറ്റാണ്ട് കേരള കത്തോലിക്കാ സഭ യൂറോപ്യൻ മിഷണറിവര്യരുടെ സവിശേഷകരങ്ങളാൽ പരിലാളിച്ച് വളർത്തപ്പെട്ടു. മലബാർ വികാരിയാത്തിന്റെ ആസ്ഥാനം അന്നത്തെ യാത്രാ സൗകര്യമനുസരിച്ച് വരാപ്പുഴയാവുകയും 1709-ൽ 'വരപ്പുഴ വികാരിയാത്ത്' എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 1886 സെപ്തംബർ 1-ന് 'വരാപ്പുഴ വികാരിയാത്ത്' 'വരാപ്പുഴ അതിരൂപത'യായി ഉയർത്തപ്പെട്ടുവരാപ്പുഴ റോമൻ കത്തോലിക്കാ അതിരൂപത 2026 സെപ്തംബർ 1-ന് ശതോത്തര സുവർണ ജൂബിലിയിലേക്കുള്ള പ്രയാണം ആരംഭിക്കുകയാണ്.

## സ്നേഹാഞ്ജലി



**സിസ്റ്റർ ത്രേസ്യ ചടയംമുറി** CHF
മരണം 11 -8- 1976



**വിദ്വാൻ ജോർജ് ചടയംമുറി**
**സത്യനാദം അസിസ്റ്റന്റ് പത്രാധിപർ**
**മരണം 18- 8- 1948**

കുരുക്കഴിക്കുന്ന മാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചിട്ടുള്ള
ഇന്ത്യയിലെ ആദ്യത്തെ ദൈവാലയമായ
സെന്റ് മേരീസ് ചർച്ച് തുമ്പരശ്ശേരിയിൽ



# കുരുക്കഴിക്കുന്ന മാതാവിന്റെ കൂടുതുറക്കൽ തിരുനാൾ

**തിരുനാൾ ഒരുക്കദിനങ്ങൾ**
ഒക്ടോബർ 1 മുതൽ 17 വരെ വൈകിട്ട് 5.30 നും
ഞായർ രാവിലെ 6.30 നും
പ്രസുദേന്തി വാഴ്ച, വി. കുർബാന
സന്ദേശം, ആരാധന, ജപമാല



**2026 ഒക്ടോബർ 18 ഞായർ**
രാവിലെ 10 മണിക്ക്
പ്രസുദേന്തി വാഴ്ച
കൂടുതുറക്കൽ ശുശ്രൂഷ
പ്രദക്ഷിണം
ആഘോഷമായ
തിരുനാൾ കുർബാന
സന്ദേശം

"കുരുക്കഴിക്കുന്ന
പരി. കന്യകാമറിയമേ
ഞങ്ങളുടെ ജീവിതത്തിലെ
കുരുക്കുകൾ
അഴിച്ച് മാറ്റണമേ..."

തിരുനാൾ ദിനത്തിൽ കുഞ്ഞുങ്ങൾക്ക് നേർച്ചയൂട്ട് ഉണ്ടായിരിക്കുന്നതാണ്.

**തിരുനാൾ എട്ടാമിടം**
ഒക്ടോബർ 25 ഞായർ
രാവിലെ 10 മണിക്ക്
ആഘോഷമായ
വി. കുർബാന
സന്ദേശം
തുടർന്ന്
നേർച്ചഭക്ഷണം

എല്ലാ ശനിയാഴ്ചകളിലും 5.30 PM ന്
ദിവ്യബലി, ആരാധന, നൊവേന, നേർച്ചഭക്ഷണം
എല്ലാം രണ്ടാം ശനിയാഴ്ചകളിലും
10.00 AM ന് ദിവ്യബലി, ആരാധന, നൊവേന

ഏവർക്കും സ്വാഗതം



മാർ ബോസ്കോ പുത്തൂർ
എമിരറ്റസ്, മെൽബൺ രൂപത

ഫാ. ലിജോ മണിമലക്കുന്നേൽ (വികാരി)
ഷിബു ചെങ്ങിനിയാടൻ (തിരുനാൾ കൺവീനർ)
അനീഷ് കളപ്പറമ്പത്ത്
ഷാജു പള്ളിപ്പാടൻ
ബിനോയ് വെമ്പിൽ
(കൈക്കാരന്മാർ)
ജോയൽ ജോൺ (പബ്ലിസിറ്റി കൺവീനർ)

സെന്റ് മേരീസ് ചർച്ച്, തുമ്പരശ്ശേരി
മാള, കുഴൂർ പി.ഓ., തൃശ്ശൂർ, കേരള, ഇന്ത്യ-680 734
0480 2082617, 8281630681
www.stmaryschurchthumbarassery.com

# ONAM CELEBRATIONS @ POC



# ONAM @ MADHURAM SAYANDHANAM





# ഇടറാതെ നോക്കണം അവരുടെ ചുവടുകൾ

**ആന്റണി ചടയംമുറി**

**വാർത്ത**

വൃദ്ധരായ മാതാപിതാക്കൾക്ക് 'നരകം' തീർക്കുന്ന മക്കൾ കേരളത്തിൽ കൂടി വരികയാണോ? ഇപ്പോൾ കേരളത്തിലെ 18.7 ശതമാനംപേർ 60 വയസ്സ് കഴിഞ്ഞവരാണ്. 10 വർഷം കഴിഞ്ഞാൽ 60 കടന്നവരുടെ ശതമാനം നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ 22% ആകും. ഇതനുസരിച്ച് പ്രായമായ മാതാപിതാക്കളെ അവരുടെ സ്വത്ത് സ്വന്തമാക്കിയ ശേഷം അവഗണിക്കുന്ന മക്കളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരേണ്ടതുണ്ട്. വയോജന വകുപ്പ് രാജ്യത്താദ്യമായി പ്രഖ്യാപിച്ച സംസ്ഥാനമെന്ന നിലയിൽ ഇത്തരം സാമൂഹികവും കുടുംബപരവുമായ വീഴ്ചകൾ പരിഹരിക്കാൻ ത്വരിത നടപടികൾ വേണം. 2007-ലാണ് മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായുള്ള നിയമസംഹിതയിലെ 23-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് 27 ട്രൈബ്യൂണലുകൾ ആരംഭിച്ചത്. ആർ.ഡി.ഒ.മാരാണ് ഇത്തരം ഹിയറിങ്ങുകളിൽ അധ്യക്ഷ സ്ഥാനത്തുണ്ടാവുക. ആർ.ഡി.ഒ.മാരുടെ തിരക്ക് മൂലം ഇനിയും തീർപ്പാകാത്ത 6000-ഓളം പരാതികൾ ട്രൈബ്യൂണലുകളിൽ തീർപ്പാകാതെയുണ്ട്. എറണാകുളം ജില്ലയിലെ ഫോർട്ടുകൊച്ചിയിൽ മാത്രം 2602 പരാതികൾ ഇനിയും തീർപ്പാക്കിയിട്ടില്ല. പ്രതിമാസം 10 അല്ലെങ്കിൽ 15 എന്ന രീതിയിലാണ് കേസുകളുടെ വിചാരണ നടക്കുക. വയോജന വകുപ്പിന്റെ രൂപീകരണത്തെക്കുറിച്ച് സർക്കാർ ചിന്തിക്കുമ്പോഴും പ്രായമായവർക്ക് കഴിയുന്നത്ര വേഗം നീതി ലഭ്യമാക്കാൻ ജാഗ്രത വേണ്ടതല്ലേ?

**ചിന്ത**

തലമുറകൾ തമ്മിലുള്ള പിളർപ്പിൽ നിന്ന് ലോകം ഒരിക്കലും ഗുണം നേടിയിട്ടില്ല. ഒരിക്കലും നേടുകയുമില്ല. അത് വേരുകളും ഉറവകളുമില്ലാത്ത ഒരു അപകടമണി ഗീതമാണ്.

ഫ്രാൻസിസ് പാപ്പ (ക്രിസ്തു ജീവിക്കുന്നു- ഖണ്ഡിക 191)

A KERALAVANI PUBLICATION

വരാപ്പുഴ അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെ
140-ാം വർഷത്തിൽ

KERALAVANI

## വരാപ്പുഴ അതിരൂപതയിലെ മരണമടഞ്ഞ 188 വൈദികരുടെ ജീവചരിത്രം








ലേഖകൻ:
ഫാ. ജോസഫ് രാജൻ കിഴവന

380ൽ പരം പേജുകൾ

പ്രീ പബ്ലിക്കേഷൻ വില ₹ 250

മുഖ വില ₹ 350

Google Pay
REXY C.S.
9447841207

2026 ഒക്ടോബർ 15 വ്യാഴാഴ്ച്ച
വൈകിട്ട് 5 മണിക്ക് ESSS ഹാളിൽ വെച്ച്

വരാപ്പുഴ അതിരൂപത ആർച്ചബിഷപ് ജോസഫ്
കളത്തിപ്പറമ്പിൽ പ്രകാശനം ചെയ്യുന്നു

POSTAL CHARGES
RS 50 EXTRA

FOR COPIES: 9446577512

കേരളവാണി
MEDIA COMMISSION, ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM - 682018

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 31-08-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.